കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പൊന്നാനി നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് 2018-19


ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ.എം.പി.എം.21/1494/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം ജില്ല.

e-mail:dompm.ksad@kerala.gov.in

തീയതി. 30-12-2020

സീനീയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൊന്നാനി നഗരസഭ

സർ,

വിഷയം:പൊന്നാനി നഗരസഭ - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

*********************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലിക നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൊന്നാനി നഗരസഭയുടെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം രണ്ടിലേയും ഭാഗം മൂന്നിലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക ഭരണസമിതി യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

4)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്.

കെ.എസ്.എ.എം.പി.എം.21/1494/2020 തീയതി. 30-12-2020

**പൊന്നാനി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(1994 ലെ കേരളാ നഗരപാലികാ നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പൊന്നാനി നഗരസഭയുടെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ12.11.2018 മുതൽ 07.10.2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 47 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷാജഹാൻ.എ.എസ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2020 മുതൽ 23.10.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പ്രസാദ്.പി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അബ്ദുൾ റഷീദ്.എം.പി.അസി.ഓഡിറ്റ് ഓഫീസർ. |
| | ശ്രീ.അബ്ദുൾ ഗഫൂർ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മൂസ.ഇ,അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.യൂസുഫ്.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.സുജിത.എം, ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ

ചെയർപേഴ്സൺ

| | |
|---|---|
| ശ്രീ. സി.പി മുഹമ്മദ് കുഞ്ഞി | 01.04.2018 മുതൽ 31.03.2019 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ. അരുൺകുമാർ.വി.സി., സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ് ) | 01.04.2018 മുതൽ 13.08.2018 വരെ |
| ശ്രീ. വിനോദ് കുമാർ.എസ്.എ., സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ് ) | 14.08.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ഷാനവാസ് ഖാൻ, അസി.എഞ്ചിനീയർ | 01.04.2018 മുതൽ 21.07.2018(F.N) വരെ |
| | ശ്രീ.സുമേഷ്.വി, അസി.എഞ്ചിനീയർ | 21.07.2018(A.N) മുതൽ 31.12.2018 വരെ |
| | ശ്രീ.ശ്രീകുമാർ അസി.എഞ്ചിനീയർ | 01.01.2019 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീ.രാധാകൃഷ്ണപിള്ള | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ (1) | ശ്രീമതി. അംബിക പുതിയിരുത്തി. | 01.04.2018 മുതൽ 16.02.2019 വരെ |
| | ഒഴിവ് | 17.02.2019 മുതൽ 19.02.2019 വരെ |
| | ശ്രീമതി. ലിവ്യ | 20.02.2019 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ (2) | ശ്രീമതി. കോമളം. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജൈനി, പുതുപൊന്നാനി ആയുർവേദ ആശുപത്രി. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഫിബിമോൾ.പി.പി, ഈഴവത്തിരുത്തി ആയുർവേദ ആശുപത്രി. | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കന്ററി സ്കൂൾ , തൃക്കാവ് | ശ്രീ. മധു.പി | 01.04.2018 മുതൽ 31.03.2019 വരെ |
| സൂപ്രണ്ട്, താലൂക്ക് ആശുപത്രി | ഡോ. ഷാജ്കുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. റിയ | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.ഷംസുദ്ദീൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ. സിനി സുകുമാരൻ, സീനിയർ വെറ്ററിനറി സർജൻ, ഈശ്വരമംഗലം | 01.04.2018 മുതൽ 31.03.2019 വരെ |
| | ഡോ. നഹീൽ, വെറ്ററിനറി സർജൻ, ഈഴവത്തിരുത്തി | 01.04.2018 മുതൽ 31.03.2019 വരെ |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.രഘുനാഥ് | 01.04.2018 മുതൽ 31.03.2019 വരെ. |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.സുലൈമാൻ | 01.04.2018 മുതൽ 31.03.2019വരെ. |
| പ്രൊജക്റ്റ് ഓഫീസർ | ശ്രീ.ജ്യോതി സാഗർ | 01.04.2018 |

| | | |
|---|---|---|
| | | മുതൽ 31.03.2019 വരെ. |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.മുനീർ റഹ്മാൻ | 01.04.2018 മുതൽ 31.03.2019 വരെ. |

<u>ഉള്ളടക്കം.</u>


| ക്രമ നം. | വിഷയം | ഖണ്ഡിക നം |
|---|---|---|
| | ഭാഗം-1<br>പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം. | 1-3 |
| 4 | ഫണ്ട് വിനിയോഗം (ACRപ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്ക് അപാകതകൾ | 1-11 |
| 12 | അനധികൃത കെട്ടിട നിർമ്മാണം-വസ്തു നികുതി ചുമത്തിയിട്ടില്ല. | 1-12 |
| 13 | മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 40 ലക്ഷം രൂപ നീക്കിയിരിപ്പ് - തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല | 1-14 |
| 15 | പാർപ്പിട ക്വാർട്ടേഴ്സുകളുടെ വസ്തുനികുതി ഈടാക്കുന്നത് അധിക നിരക്കിൽ | 1-15 |
| 16 | ടെണ്ടർ ഫോം വില നഗരസഭക്ക് ലഭ്യമായില്ല | 1-16 |
| 17 | വാടക കുടിശ്ശിക 2544 ഈടാക്കിയില്ല | 1-17 |
| 18 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 1-18 |
| 19 | ഡ്രൈനേജ് സൈഡ് വാൾ - സെന്ററിങ് പ്രവൃത്തിക്ക് 249612 രൂപ അധിക നിരക്ക് നൽകി | 1-19 |
| 20 | ആകെ പ്രവൃത്തി മൂല്യത്തിലും അധികരിച്ച് 34867 രൂപ കരാറുകാരന് നൽകി | 1-20 |
| 21 | ഡ്രൈനേജിന് ഉൾവശം സിമന്റ് കോൺക്രീറ്റ് - തെറ്റായ അളവ് രേഖപ്പെടുത്തി 14599രൂപ അധിക തുക നൽകി | 1-21 |
| 22 | വിവിധ നടപ്പാതകളുടെ കോൺക്രീറ്റ് - അധിക ചെലവ് അംഗീകരിക്കുന്നില്ല | 1-22 |
| 23 | ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല | 1-23 |
| 24 | ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകുറുകൾ | 1-24 |
| | | |

| | | |
|---|---|---|
| 25 | ലീവ് ട്രാവൽ കൺസഷൻ മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല. | 1-25 |
| 26 | പെൻഷൻ ഫണ്ട് പരിശോധന-അവലോകനം | 1-26 |
| 27 | ലൈബ്രറി സെസ് അടവാക്കിയില്ല | 1-27 |
| 28 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ | 1-28 |
| 29 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | 1-29 |
| 30 | PMAY ഭവന പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-30 |
| 31 | താത്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ അനധികൃതമായി നിയമിക്കുന്നത്-സംബന്ധിച്ച് | 1-31 |
| 32 | ഇന്റർലോക്ക് കട്ട വിരിക്കൽ - 9917രൂപ അധികം നൽകി | 1-32 |
| 33 | ക്വാറി മക്ക് ഫില്ലിങ്, സിമന്റ് കോൺക്രീറ്റ് -6694 രൂപ അധികം നൽകി | 1-33 |
| 34 | എം.എൽ.എ.റോഡ് റീ സർഫേസിംഗ് എന്ന പ്രവൃത്തിക്ക് 52522 രൂപ അധികം നൽകി | 1-34 |
| 35 | എർത്ത് ഫില്ലിങ് 5278 രൂപ അധികം നൽകി | 1-35 |
| 36 | ഫില്ലിങ്ങിന് കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല -5792 രൂപയുടെ അധിക ചെലവ് | 1-36 |
| 37 | കുടുംബശ്രീ ബാലസഭ പദ്ധതി നടത്തിപ്പിലെ അപാകതകൾ-50000/- നിരാകരിക്കുന്നു | 1-37 |
| 38 | പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം-മുൻ ധനസഹായം നല്കിയതിന്റെ രേഖകളില്ല.878000/-രൂപ (534000+344000) തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | ഓലപ്പുര നവീകരണം.-അപാകതകൾ-931500/-രൂപ തടസ്സപ്പെടുത്തുന്നു. | 1-39 |
| 40 | വിവിധ ഭവന നിർമ്മാണ പദ്ധതികൾ-അപാകത സംബന്ധിച്ച്.13990000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-40 |
| 41 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 1-41 |
| 42 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്- അർഹമായതിലും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 1-42 |
| 43 | പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ പൊതു അപാകതകൾ | 1-43 |
| 44 | ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ | 1-44 |
| 45 | പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുകൾ- പൊതു അപാകതകൾ | 1-45 |
| 46 | വർക്കിംങ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല | 1-46 |
| 47 | പദ്ധതി യഥാസമയം നടപ്പിലാക്കിയില്ല - നഗരസഭക്ക് 4.07 കോടി രൂപ നഷ്ടപ്പെട്ടു. | 1-47 |
| 48 | മരാമത്ത് പ്രവൃത്തി - നിശ്ചിത ദിവസത്തിനകം കരാർ ഒപ്പ് വെക്കാത്തതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല. | 1-48 |
| 49 | ആശ്രയ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-49 |
| 50 | മരുന്നുകൾ ലഭ്യമായിട്ടില്ല | 1-50 |
| | | |

| | | |
|---|---|---|
| 51 | നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട രൂപത്തിൽ ലഭ്യമാക്കുന്നില്ല. | 1-51 |
| 52 | ഹരിത ഭവനം അപാകതകൾ | 1-52 |
| | ഭാഗം-2<br>വരവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 53 | ഇല്ല | |
| | ഭാഗം-3<br>ചെലവ് നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 54 | ഡ്രൈനേജ് സൈഡ് വാൾ - സെന്ററിങ് പ്രവൃത്തിക്ക് 249612 രൂപ അധിക നിരക്ക് നൽകി | 3-1 |
| 55 | ആകെ പ്രവൃത്തി മൂല്യത്തിലും അധികരിച്ച് 34867 രൂപ കരാറുകാരന് നൽകി | 3-2 |
| 56 | ഡ്രൈനേജിന് ഉൾവശം സിമന്റ് കോൺക്രീറ്റ് - തെറ്റായ അളവ് രേഖപ്പെടുത്തി 14599രൂപ അധിക തുക നൽകി | 3-3 |
| 57 | ഇന്റർലോക്ക് കട്ട വിരിക്കൽ - 9917രൂപ അധികം നൽകി | 3-4 |
| 58 | ലീവ് ട്രാവൽ കൺസഷൻ മുൻകൂർ നൽകി ക്രമീകരിച്ചില്ല | 3-5 |
| 59 | ക്വാറി മക്ക് ഫില്ലിങ്, സിമന്റ് കോൺക്രീറ്റ് - 6694 രൂപ അധികം നൽകി | 3-6 |
| 60 | എർത്ത് ഫില്ലിങ് - 5278 രൂപ അധികം നൽകി | 3-7 |
| 61 | എം.എൽ.എ.റോഡ് റീസർഫസിംഗ് എന്ന പ്രവത്തി ക്ക് 52522 രൂപ അധികം നൽകി | 3-8 |
| 62 | ഫില്ലിങ്ങിന് കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല-5792 രൂപയുടെ അധിക ചെലവ് | 3-9 |
| 63 | വിവിധ നടപ്പാതകളുടെ കോൺക്രീറ്റ് അധിക ചെലവ് അംഗീകരിക്കുന്നില്ല | 3-10 |
| 64 | ശാരീരീക മാനസിക വെല്ലുവിളി സ്കോളർഷിപ്പ്- അർഹമായതിലും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ് | 3-11 |
| 65 | കുടുംബശ്രീ ബാലസഭ പദ്ധതി അപാകതകൾ 50000/-രൂപ നിരാകരിക്കുന്നു. | 3-12 |
| | ഭാഗം-4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 66 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച്സർട്ടിഫിക്കറ്റ്നൽകിയതിന്റെ വിവരം. | 4-1 |
| 67 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 68 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-3 |
| 69 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്. | 4-4 |
| 70 | വായ്പ/വായ്പ തിരിച്ചടവ്. | 4-5 |
| 71 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 72 | ഓഡിറ്റ് റിക്കവറി | 4-7 |
| 73 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| | | |

| | | |
|---|---|---|
| 74 | ചാർജ് /സർചാർജ് | 4-9 |
| 75 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 76 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധങ്ങൾ | |
| | ഓഡിറ്റ് സാക്ഷ്യപത്രം | |
| | വാർഷിക ധനകാര്യപത്രിക – സംക്ഷിപ്തം | |


## ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്.

2018-19 വർഷത്തെ ബജറ്റ് 27.03.2018 ലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 19.02.2019ലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 18-07-2019 | ---- | --- |

### 1-3 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരിപ്പ് | 82236561.92 |
| വരവ് | 474175775.00 |
| ആകെ | 556412336.92 |
| ചെലവ് | 476930409.00 |
| നീക്കിയിരിപ്പ് | 79481927.92 |

### 1-4 ഫണ്ട് വിനിയോഗം (ACRപ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 93025605 | 93025605 | 90412933 | 2612672 | 97.19 |
| വികസന ഫണ്ട് എസ്.സി.പി | 0 | 22065000 | 22065000 | 22045300 | 19700 | 99.91 |
| വികസന ഫണ്ട് ടി.എസ്.പി | 0 | 783000 | 783000 | 00 | 783000 | 0 |
| എം.ജി റോഡ് | 0 | 13527000 | 13527000 | 9979938 | 3547062 | 73.77 |
| എം.ജി നോൺറോഡ് | 0 | 18773000 | 18773000 | 14626348 | 4146652 | 77.91 |
| 13-ാംധനകാര്യകമ്മീഷൻ | 0 | 119444933 | 119444933 | 63573239 | 55871694 | 53.22 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| ജനറൽ പർപ്പസ് ഫണ്ട്. | 0 | 37595899 | 37595899 | 2242174 | 35353725 | 5.96 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 0 | 0 | 0 | 0 | 0 |
| STSB-0wn fund | 33042711 | 62550221 | 95592932 | 77864174 | 17728758 | 81.45 |
| AUGES | 952528 | 9923137 | 10875665 | 9134444 | 1741221 | 83.98 |

*വാർഷിക ധനകാര്യ പത്രിക പ്രകാരം വികസന ഫണ്ട് (ജനറൽ) ചെലവ് 9039979933/-രൂപയാണ്. എന്നാൽ A.C.R.പ്രകാരം 90412933/-രൂപയാണ്. 15000/-രൂപയുടെ വ്യത്യാസം.

**AUGES നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 1,824,503രൂപയാണ്.വ്യത്യാസം 83282/-രൂപ തൊഴിലാളികളുടെ അക്കൗണ്ട് പിശക് കാരണം തിരിച്ചു വന്നിട്ടുള്ളതാണ്. വരവ് തുക വാർഷിക ധനകാര്യപത്രികയിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 402 | 352277616 | 226 | 204019530 | 85 | 93 | 56% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 952528 | 9923137 (9870000+53137പലിശ) | 10875665 | 9134444 | 1741221 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയത് | 0 | 8661735 | 8661735 | 8661735 | 0 |

നീക്കിയിരിപ്പ് വാർഷിക കണക്ക് പ്രകാരം 1,824,503രൂപയാണ്.വ്യത്യാസം 83282/-രൂപ തൊഴിലാളികളുടെ അക്കൗണ്ട് പിശക് കാരണം തിരിച്ചു വന്നിട്ടുള്ളതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 690240 | 276 |
| കർഷകതൊഴിലാളി പെൻഷൻ | 4317600 | 362 |
| വിധവാപെൻഷൻ | 39986000 | 3508 |
| വാർദ്ധക്യകാലപെൻഷൻ | 58828500 | 5040 |
| വികലാംഗപെൻഷൻ | 12848400 | 1117 |
| വിവാഹ ധനസഹായം | 1770000 പത്രികപ്രകാരം | 59 A.F.Sൽ വന്നിട്ടില്ല. |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2002800 | 161 |

വിവാഹധനസഹായം ഇനത്തിൽ 1770000/-രൂപ ചെലവഴിച്ചത് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്ഷേമ പദ്ധതികളുടെ രജിസ്റ്റർ കാലികമാക്കാത്തതിനാൽ ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണമാണ് ഖണ്ഡികയിൽ ചേർത്തിരിക്കുന്നത്.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.10.2020 ന് രാവിലെ 10.30 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14663/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 പട്ടികജാതി വികസനഓഫീസർ നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികളുടെ രജിസ്റ്ററിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.
2. മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഗവ ആയുർവേദ ഡിസ്പെൻസറി, ഗവ.ആയുർവേദ ഹോസ്പിറ്റൽ എന്നീ നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
3.ജീവനക്കാരുടെ പേഴ്സണൽ രജിസ്റ്ററിൽ മാസാന്ത്യ സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല.
4.ജനറൽ കമ്മിറ്റി മിനിട്സ് ക്ലോസ് ചെയ്യുന്നില്ല.
5.പ്രോജക്റ്റ് ഓഫീസർ ഭവന നിർമ്മാണ പദ്ധതിയിൽ ഗുണഭോക്താക്കൾ കൈപ്പറ്റിയ തുകയുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
7.മാസ്റ്റർ ഇൻക്യംപൻസി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
8.കേന്ദ്രീകൃത സ്റ്റോക്ക് രജിസ്റ്റർ,സൂചിക സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.
9.പ്രോജക്റ്റ് ഓഫീസർ ക്യാഷ് ബുക്ക് എഴുതി പൂർത്തീകരിച്ചിട്ടില്ല.ഐ.സി.ഡി.എസ് .സൂപ്പർവൈസർ ക്യാഷ് ബുക്ക് നിർദ്ദിഷ്ട മാതൃകയിലല്ല സൂക്ഷിച്ചിട്ടുള്ളത്. മാത്രമല്ല ശരിയായ രീതിയിൽ എഴുതി സൂക്ഷിച്ചിട്ടുമില്ല.
10.സെക്രട്ടറി പ്രൊജക്ട രജിസ്റ്റർ, സബ്സിഡിയറി രജിസ്റ്റർ എന്നിവയിൽ പദ്ധതി വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല
11.വൗച്ചറുകൾ ക്രമപ്രകാരം സൂക്ഷിക്കുന്നില്ല.

കേരള മുനിസിപ്പാലിറ്റി അക്കൗണ്ട്സ് റൂൾസ് 2007 9 (2) പ്രകാരം ഇടപാടുകൾക്കാധാരമായ എല്ലാ രേഖകളുടെയും ആമുഖപത്രമായി വൗച്ചർ വെയ്ക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം വെയ്ക്കുകയോ വൗച്ചർ ക്രമനമ്പർ പ്രകാരം അവ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ചെലവ് രേഖകൾ ക്രമപ്രകാരം ചിട്ടപ്പെടുത്തി സൂക്ഷിക്കാത്തത് അക്കൗണ്ടന്റിന്റെ വീഴ്ചയാണ്. അക്കൗണ്ട്സ് റൂൾസിലെ നിർദ്ദേശങ്ങൾ പാലിച്ചും വ്യവസ്ഥാപിതമായി ക്രമപ്പെടുത്തിയും ചെലവ്രേഖകൾ സൂക്ഷിക്കാത്തത് സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഇടപാടുകൾക്കാധാരമായ വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ അക്കൗണ്ട്സ് റൂൾ 9 (1) മുതൽ (5) വരെ വിവരിച്ചത് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്

12.പ്രൊജക്ട് മോണിറ്ററിംഗ് രേഖകൾ ഇല്ല. സെക്രട്ടറി നിർവ്വഹണം നടത്തിയ വിവിധ പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളുടെ മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയതായി കാണുന്നില്ല.

13. കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം കളക്ട് ചെയ്യുന്നത് ആധികാരികമായ റസീറ്റുകൾ മുഖേനയല്ല. ആയതിനാൽ എത്രരൂപ ഗുണഭോക്തൃവിഹിതം ശേഖരിച്ചുവെന്ന് ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചില്ല.
14. ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് ക്യാഷ് ബുക്ക് എഴുതി കാലികമാക്കുന്നില്ല. മത്സ്യത്തൊഴിലാളികൾക്ക് ലാപ്പ്ടോപ്പ് വിതരണം നടത്തിയ ഇൻസൈറ്റ്, തൊടുപുഴയുമായി കരാർ വച്ചിട്ടില്ല. ലാപ്പ്ടോപ്പുകളുടെ സ്പെസിഫിക്കേഷൻ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ പരിശോധിച്ചിട്ടില്ല.
15.തൊഴിലുറപ്പ് പദ്ധതി വരവ് റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.വരവ് തുകയിൽ 50,00,000/-രൂപ തെറ്റായി ഹെഡ് മാറി(250200100) പോസ്റ്റ് ചെയ്തിരിക്കുന്നു.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പിശക് കാരണം തിരികെ വന്ന 83282 രൂപ ഉൾപ്പെടുന്നതാണ് നീക്കിയിരിപ്പ് തുക.പ്രസ്തുത തുക ഗുണഭോക്താക്കളുടെ യഥാർത്ഥ അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല.ഓഡിറ്റ് വർഷം കാഷ് ബുക്ക് യഥാവിധം സൂക്ഷിച്ചിട്ടില്ല.

## 1-10 മറ്റു ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31.10.2017 മുതൽ 13.11.2017 വരെ | 2016-17 | 30.11.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.06.2017 മുതൽ 14.07.2017 വരെ | 2016-17 | 30.08.2017 |

## 1-11 വാർഷിക കണക്ക് അപാകതകൾ

01. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, ലേല രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല.

02. സ്റ്റോക്ക്-സ്റ്റോർ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയെങ്കിലും സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

03. ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ അപൂർണ്ണമാണ്.

04. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

05. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

06. ഡി.ആന്റ്. ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

07. വാടക രജിസ്റ്ററിൽ (ഷോപ്പിംഗ് കോംപ്ലക്സ്) സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

08. തൊഴിലുറപ്പ് പദ്ധതി ചെലവ് (അയ്യങ്കാളി) വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. കൂടാതെ നീക്കിയിരിപ്പ്(18,24,503) ലഭ്യമാക്കിയ പത്രികപ്രകാരം പൊരുത്തപ്പെടുന്നില്ല.

| കാഷ് ബുക്ക് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 8786176 | 4096909 | 4689267 |

09. ആസ്തികളുടെ തൻവർഷ Depreciation, I-17(a) ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. Development fund(G). അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 90665433 | 90397933 | 267500 |

11. Finance Commission Grant, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

| അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം | വാർഷിക കണക്ക് പ്രകാരം | വ്യത്യാസം |
|---|---|---|
| 64348964 | 63573239 | 775725 |

12. ബാലൻസ് ഷീറ്റ് പ്രകാരം Contractor's Retention തുക 720645. 18-19 ലെഡ്ജർ പ്രകാരം മുന്നിരിപ്പായാണ് തുക രേഖപ്പെടുത്തിയിട്ടുള്ളത്. തുകയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

13. ബാലൻസ് ഷീറ്റ് പ്രകാരം Capital work in progress തുക 8915703. അസി. എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പാർട്ട് ബിൽ നല്കിയ തുക 5478508/-.

14. ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഓഡിറ്റ് റിക്കവറി 17192/-രൂപ. എന്നാൽ വാർഷിക കണക്ക് പ്രകാരം 65698/-രൂപ.

15. മണൽ വരവ് വാർഷിക കണക്ക് പ്രകാരം 8677332/-രൂപ.ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

16. General Fund, Excess of income over expenditure എന്നീ ഹെഡുകളിലെ 31.03.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക 2018-19ലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | 31.3.18ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 2018-19ലെ ട്രയൽ ബാലൻസിലെ മുന്നിരിപ്പ് തുക |
|---|---|---|
| 310100100-General Fund | 108294741.92 | 49036260.92 |
| 310900100-Excess of income over expenditure | 10059728.00 | 69318209.00 |

17. തൻവർഷ Excess of income over expenditure തുക ക്രമീകരിച്ച ശേഷം B-1 ഷെഡ്യൂൾ (Landscape) പ്രകാരമുള്ള നീക്കിയിരിപ്പ് തുകയും 31.03.19ൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയ തുകയും പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | തൻവർഷExcess of income over expenditure തുക ക്രമീകരിച്ച ശേഷം B-1 ഷെഡ്യൂൾ (Landscape) പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 31.03.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക |
|---|---|---|
| | | |

| | | |
|---|---|---|
| 310100100-General Fund | 49036260.92 | 118354469.92 |
| 310900100-Excess of income over expenditure | 74919231.80 | 5601022.80 |

18. 31.03.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള Excess of income over expenditure തുക 2018-19 ലെ ട്രയൽ ബാലൻസ് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

| ശീർഷകം | 31.03.19ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുക | 2018-19ലെ ട്രയൽ ബാലൻസ് ഷീറ്റിലെ നീക്കിയിരിപ്പ് തുക |
|---|---|---|
| 310900100-Excess of income over expenditure | 5601022.80 | 69318209 |

19. പഴയ ആസ്തികൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

20. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

21. മുൻവർഷത്തെ വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.
22.തൊഴിലുറപ്പ് പദ്ധതി വരവ് റസീപ്റ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.വരവ് തുകയിൽ 50,00,000/-രൂപ തെറ്റായി ഹെഡ് മാറി(250200100) പോസ്റ്റ് ചെയ്തിരിക്കുന്നു.ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് പിശക് കാരണം തിരികെ വന്ന 83282 രൂപ ഉൾപ്പെടുന്നതാണ് നീക്കിയിരിപ്പ് തുക.പ്രസ്തുത തുക ഗുണഭോക്താക്കളുടെ യഥാർത്ഥ അക്കൗണ്ടിലേക്ക് നൽകിയിട്ടില്ല.

## 1-12 അനധികൃത കെട്ടിട നിർമ്മാണം-വസ്തു നികുതി ചുമത്തിയിട്ടില്ല.

ഫയൽ നമ്പർ: ഇ-2 -21748/18 , ഇ-2 -ബി.എ. 221/18-19

അപേക്ഷകൻ : ശ്രീ.ഹംസു , മുക്രിയകത്ത് ,പള്ളപ്രം.

ഈഴവത്തുരുത്തി വില്ലേജിലെ 190/6,190/5-11,190/5-8 നമ്പർ റീ സർവ്വേ നമ്പറുകളിലുള്ള ഭൂമിയിൽ നിലവിലുള്ള വാണിജ്യ കെട്ടിടത്തിനു (നം.7/216 ന്റെ വിവിധ ഉപനമ്പറുകൾ) മുകളിൽ സെക്കന്റ്,തേർഡ് ഫ്ലോറുകളായി നിർമ്മിച്ച കെട്ടിടം ക്രമവത്ക്കരണം നടത്തുന്നതിന് 10.10.2018 ൽ അപേക്ഷിച്ചിട്ടുണ്ട്.

നിലവിലുള്ള കെട്ടിടങ്ങളുടെ ആകെ പ്ലിന്ത് ഏരിയ : 937.18 ച.മീ.

പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ ആകെ പ്ലിന്ത് ഏരിയ : 1021.3 ച.മീ

മാസ്റ്റർ പ്ലാനിനു വിരുദ്ധമായാണ് നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് കാണിച്ച് 27.05.19 ന് അപേക്ഷ നിരസിച്ചിട്ടുണ്ട്.പ്രസ്തുത കെട്ടിടത്തിന്14.01.2011ലെ സ.ഉ.(അ)18/2011തസ്വഭവ . നമ്പർ ഉത്തരവു പ്രകാരമുള്ള കേരള മുനിസിപ്പാലിറ്റി(വസ്തു നികുതി,സേവന ഉപ നികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള വസ്തു നികുതി ചുമത്തി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റ വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം. 46/23.10.2020) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല . 1021.3 ച.മീ കെട്ടിടത്തിനു അടിസ്ഥാന നിരക്കിന്റെ 3 മടങ്ങ് നിരക്കിൽ വസ്തുനികുതി ചുമത്തി 2018-19 രണ്ടാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-13 മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ 40 ലക്ഷം രൂപ നീക്കിയിരിപ്പ് - തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്.

മുനിസിപ്പൽ എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പൊന്നാനി ശാഖയിൽ (ചന്തപ്പടി) ഉള്ള 67103971015 നമ്പർ അക്കൗണ്ടിൽ, 25.3.2020ൽ 4062387.25 രൂപ നീക്കിയിരിപ്പുണ്ട്. 1.4.2019 മുതൽ 31.3.2020വരെ യുള്ള പത്രികയാണ് ബാങ്ക് ലഭ്യമാക്കിയിട്ടുള്ളത്. പ്രസ്തുത തുക വാർഷിക കണക്കിൽ ഉൾപെടുത്തിയിട്ടില്ല. പരിശോധനക്ക് ലഭ്യമാക്കിയ പത്രിക പ്രകാരം 2016 ൽ 31 ലക്ഷം രൂപയിലധികം രൂപ ഈ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്. വർഷങ്ങളായി ഈ അക്കൗണ്ടിൽ വലിയ തുകകൾ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.
തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച 12.04.2006 ലെ GO(P) 177/2006/Fin നമ്പർ ഉത്തരവ് പ്രകാരം നോൺ ബാങ്കിംഗ് ട്രഷറികളിൽ മാത്രമെ നിർവഹണോദ്യോഗസ്ഥർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുള്ളൂ. തുടർന്ന് ധനവകുപ്പിന്റെ 27.01.2017 ലെ 6/2017 നമ്പർ സർക്കുലർ പ്രകാരം ഡ്രോയിംഗ് &ഡിസ്ബേർസിംഗ് ഓഫീസർമാർക്ക് ആവശ്യമെങ്കിൽ പലിശ ലഭിക്കാത്ത ടി.എസ്.ബി അക്കൗണ്ട്

ആരംഭിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇതല്ലാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി അല്ലാത്ത നിർവ്വഹണോദ്യോഗസ്ഥരുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾ ചട്ടം 38(3) പ്രകാരം ചെക്ക് നൽകേണ്ടത് പണം യഥാർത്ഥത്തിൽ ആർക്കാണ് നൽകേണ്ടത് അയാളുടെ പേരിലായിരിക്കണം എന്നും വ്യക്തമായി നിർദേശിക്കുന്നുണ്ട്. ഈ നിർദ്ദേശങ്ങളൊക്കെ ഉണ്ടായിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങിയതും, പ്രസ്തുത അക്കൗണ്ടിൽ വലിയ തുകകൾ നീക്കിയിരിപ്പുണ്ടായതും ഗുരുതരമായ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഈ അക്കൗണ്ടിൽ നിന്ന് അനധികൃതമായി പണം പിൻവലിച്ചിട്ടില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ഇക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. കൂടാതെ ഈ തുകകൾ ആർക്ക് നൽകുന്നതിന് വേണ്ടിയാണ് ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടുള്ളത് എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനത്തിനോ, വ്യക്തികൾക്കോ നൽകേണ്ടതും വ്യക്തമായ വിവരം ലഭ്യമല്ലെങ്കിൽ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.
ഇങ്ങിനെ ഒരു അക്കൗണ്ട് ഉള്ള കാര്യവും ആയത് വാർഷിക കണക്കിൽ ഉൾപെടുത്താതിരുന്നതും ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.
ഓഡിറ്റ് എൻക്വയറി 47/23.10.2020 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 മൊബൈൽ ടവറുകളുടെ വസ്തു നികുതി വിവരം ലഭ്യമാക്കിയില്ല

പൊന്നാനി നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പതിനൊന്ന് മൊബൈൽ ടവറുകളുടെ വിവരം 2013-14,2014-15 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക2-4,2017-18ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-1എന്നിവയിൽ പരാമർമശിച്ചിരുന്നു. പ്രസ്തുത വിവരം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ /കെട്ടിട നമ്പർ | ടവർ വിവരങ്ങൾ | നിർണയിച്ച നികുതി |
|---|---|---|---|
| 1 | PMC X/161-A<br>Wef : 2005-06 Fisrt Half<br>(01/04/2005) | ജനറൽ മാനേജർ, ഭാരതി എയർടെൽ | 10016<br>(9539+477) |
| 2 | PMC X/208-D<br>Wef : 01/10/2009<br>2009-10 Second Half | സുദേവൻ വി ഡി,വയർലസ്സ് ടി ടി<br>ഇൻഫോ സർവീസ് ലിമിറ്റഡ്<br>എസ് എൽ പ്ലാസ , പാലാരിവട്ടം , കൊച്ചി | 19688<br>(18750+938) |
| 3 | PMC X17/256-A<br>Wef : 01/10/2008<br>2008-09 Second Half | ജനറൽ മാനേജർ,<br>ഭാരതി എയർടെൽ ലിമിറ്റഡ്<br>കൊച്ചി | 16694 |
| 4 | PMC 18/3-J<br>Wef : 01/04/2008 | എസ്സാർ ടെലകോം ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് | 16695<br>(15900+795) |
| 5 | PMC 29/17-A | M/s റിലയൻസ് ഇൻഫോകോം ലിമിറ്റഡ് | 1390 |

| | | | |
|---|---|---|---|
| | | 43/2618, ജവഹർ നഗർ,കടവന്ത്ര , കൊച്ചി | |
| 6 | PMC 30/70-D<br>Wef :<br>01/04/2006 | അലക്സ് മാത്യൂസ് സി മാനേജർ<br>ടാറ്റാ ടെലി സർവീസസ് ലിമിറ്റഡ്, കൊച്ചി | 1848 |
| 7 | 32/181-A | M/s വയർലസ് ടി ടി ഇൻഫോ സർവീസസ് ലിമിറ്റഡ്<br>എസ് എൽ പ്ലാസ , പാലാരിവട്ടം , കൊച്ചി | 18428<br>(17550+878) |
| 8 | EP 4 /628 C<br>Wef :<br>01/04/2008 | ജനറൽ മാനേജർ<br>ഭാരതി എയർടെൽ ലിമിറ്റഡ്<br>NH ബൈപാസ്, കുണ്ടന്നൂർ കൊച്ചി | 8348<br>(7950+398) |
| 9 | EP 7 /1035 -A<br>Wef :<br>01/04/2002 | വൊഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ്, 1st ഫ്ലോർ മേത്തർ സ്ക്വയർ<br>എറണാകുളം | 5292<br>(5040+252) |
| '10 | EP 7 /321 E | ബിജു ടി നായർ<br>എൈഡിയ സെല്ലുലാർ ലിമിറ്റഡ്, മേഴ്സി എസ്റ്റേറ്റ്, 2nd ഫ്ലോർ രവിപുരം കൊച്ചി. | 19688<br>(18750+938) |
| 11 | PMC 32/308-B | ഡിഷ്നെറ്റ് വയർലസ് | 20475 |

2010ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപ നികുതിയുംസർചാർജും)ചട്ടങ്ങൾ , 14-01-2011ലെ സ.ഉ.(അ)17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം മൊബൈൽ ടവറുകളുമായി ബന്ധപ്പെട്ട കെട്ടിടങ്ങൾക്ക് വസ്തു നികുതി ചുമത്തി ഈടാക്കേണ്ടതുണ്ട്. പട്ടികയിൽ പരാമർശിച്ചവയും അല്ലാത്തവയുമായ ടവറുകളുടെ വസ്തുനികുതി ഏതു കാലം വരെ അടവാക്കിയെന്ന വിവരവും കുടിശ്ശികയുണ്ടെങ്കിൽ ആയതിന്റെ വിവരവും കുടിശ്ശിക വരുത്തിയവയുടെ നികുതി വസൂലാക്കുന്നതിന് സ്വീകരിച്ച നിയമ നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതിന് 34/22-10-2020 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. മൊബൈൽ ടവർ കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 പാർപ്പിട ക്വാർട്ടേഴ്സുകളുടെ വസ്തുനികുതി ഈടാക്കുന്നത് അധിക നിരക്കിൽ

കേരള മുനിസിപ്പാലിറ്റി നിയമം 233(2)(എ) വകുപ്പ് പ്രകാരം വസ്തു നികുതി ചുമത്തുന്നതിന്റെ ആവശ്യത്തിലേക്ക് കെട്ടിടങ്ങളെ അവയുടെ ഉപയോഗക്രമമനുസരിച്ച് ഇനം തിരിച്ചിട്ടുണ്ട്. 233(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും മുനിസിപ്പാലിറ്റി പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതുമാണ്.

233(2)(എ) വകുപ്പ് പ്രകാരം തിരിച്ച ഒന്നാമത്തെ ഇനം (i) പാർപ്പിടാവശ്യത്തിന് ഉപയോഗിക്കുന്നവ എന്നതാണ്. 14.01.2011ലെ സ.ഉ(അ)17/2011/ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ മുനിസിപ്പൽ പ്രദേശത്ത് ബാധകമായ വസ്തു നികുതി നിരക്ക് സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കിന്റെ പരിധി വ്യക്തമാക്കിയിട്ടുള്ളതാണ്. ആക്ടിലെ പ്രസ്തുത വകുപ്പുകളുടെയും ഉത്തരവിന്റെയും അടിസ്ഥാനത്തിൽ നഗരസഭയിലെ വസ്തു നികുതി നിരക്ക് സംബന്ധിച്ച് 01.10.2014 ലെ ആർ2-3417/11 നമ്പർ അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത അന്തിമ വിജ്ഞാപന പ്രകാരം പാർപ്പിടാവശ്യത്തിനുള്ളവയുടെ നികുതി നിരക്ക് 8/- രൂപയാണ്.

പാർപ്പിടാവശ്യത്തിനുള്ളവയിൽ ഉൾപ്പെടുന്ന പാർപ്പിട ക്വാർട്ടേഴ്സുകൾക്ക് വസ്തു നികുതി നിർണ്ണയിക്കുന്നതിന് അന്തിമ വിജ്ഞാപന പ്രകാരമുള്ള (8/-) നിരക്കിനേക്കാൾ കൂടിയ നിരക്ക് പരിഗണിച്ചതായി കാണുന്നു.

| ക്ര.നം. | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | ചുമത്തിയ നിരക്ക് | ചുമത്തിയ നികുതി | | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|
| | | | | | വസ്തു. | ലൈ. | ഉപ.സേ. | ആകെ | |

| | | | | | നികുതി | കരം | നികുതി | | |
|---|---|---|---|---|---|---|---|---|---|
| 1 | ശ്രീ.അബൂബക്കർ സിദ്ദീഖ് | 8/227 A | 95.38 | 30 | 3862 | 193 | 386 | 4441 | ഇളവ് – 0 വർദ്ധനവ്-35% |
| 2 | | 8/227 B | 85.23 | 30 | 3452 | 173 | 345 | 3970 | |
| 3 | | 8/227 C | 95.38 | 30 | 3862 | 193 | 386 | 4441 | |
| 4 | | 8/227 D | 85.23 | 30 | 3452 | 173 | 345 | 3970 | |
| 5 | ശ്രീ.ഹംസക്കോയ, ഹാജിയാരകത്ത് | 18/431 A | 47.43 | 30 | 1708 | 85 | 171 | 1964 | ഇളവ് – 0 വർദ്ധനവ്-20% |
| 6 | | 18/431 B | 69.22 | 30 | 2492 | 125 | 249 | 2866 | |
| 7 | | 18/431 C | 56.91 | 30 | 2048 | 102 | 205 | 2355 | |
| 8 | | 18/431 D | 67.54 | 30 | 2431 | 122 | 243 | 2796 | |
| 9 | ശ്രീ.അബ്ദു റഷീദ് | 11/492 A | 97.83 | 30 | 3962 | 198 | 396 | 4556 | ഇളവ് – 0 വർദ്ധനവ്-35% |
| 10 | | 11/492 B | 92.78 | 30 | 3757 | 188 | 376 | 4321 | |
| 11 | | 11/492 C | 97.83 | 30 | 3962 | 198 | 396 | 4556 | |
| 12 | | 11/492 D | 92.78 | 30 | 3757 | 188 | 376 | 4321 | |
| 13 | ശ്രീ.മുഹമ്മദ് ഇക്ബാൽ | 38/182 A | 62.25 | 30 | 1868 | 93 | 187 | 2148 | ഇളവ് – 0 വർദ്ധനവ്-0 |
| 14 | | $38/182A_1$ | 60.06 | 30 | 1802 | 90 | 180 | 2072 | |
| 15 | ശ്രീ.ബാബുരാജൻ | 20/712 A | 69.59 | 30 | 1879 | 94 | 188 | 2161 | ഇളവ് – 10% വർദ്ധനവ്-0% |
| 19 | ശ്രീ. ഉമ്മർ | 20/370 (Old-EP7/931) | 44.90 | 30 | 1347 | 68 | 135 | 1550 | ഇളവ് – 20% വർദ്ധനവ്-20% |
| 20 | | 20/369 (Old-EP7/934) | 47.54 | 30 | 1427 | 72 | 143 | 1642 | |
| 21 | | 20/368 (Old-EP7/933) | 43.20 | 30 | 1296 | 65 | 130 | 1491 | |
| 24 | ശ്രീ.ഹംസത്ത് | 44/156A | 57.45 | 30 | 2327 | 116 | 233 | 2676 | ഇളവ് – 0% വർദ്ധനവ്-35% |
| 25 | | 44/156 B | 57.45 | 30 | 2327 | 116 | 233 | 2676 | |
| 26 | | 44/156 C | 60.07 | 30 | 2433 | 122 | 243 | 2798 | |
| 27 | | 44/156 D | 57.35 | 30 | 2323 | 116 | 232 | 2671 | |
| 28 | | 44/156 E | 43.62 | 30 | 1767 | 88 | 177 | 2032 | |
| 29 | | 44/156 F | 57.45 | 30 | 2327 | 116 | 233 | 2676 | |
| 30 | | 44/156 G | 13.56 | 30 | 549 | 27 | 55 | 631 | |
| 31 | | 44/156 H | 69.28 | 30 | 2805 | 140 | 281 | 3226 | |
| 32 | | 44/156 J | 69.29 | 30 | 2805 | 140 | 281 | 3226 | |
| 33 | | 44/156 K | 67.82 | 30 | 2747 | 137 | 275 | 3159 | |
| 34 | | 44/156 L | 69.18 | 30 | 2801 | 140 | 280 | 3221 | |
| 35 | | 44/156 M | 55.45 | 30 | 2246 | 112 | 225 | 2583 | |
| 36 | | 44/156 N | 69.28 | 30 | 2805 | 140 | 280 | 3226 | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 37 | ശ്രീ. ആറയിൽ കുഞ്ഞിമോൻ | 23/54 A | 77.76 | 30 | 2100 | 105 | 210 | 2415 | ഇളവ് – 10% വർദ്ധനവ്-0% |
| 38 | | 23/54 B | 78.27 | 30 | 2114 | 212 | 212 | 2432 | |
| 39 | | 23/54 C | 78.30 | 30 | 2115 | 106 | 106 | 2433 | |
| 40 | | 31/177 A | 90.74 | 30 | 2450 | 123 | 245 | 2818 | |
| 41 | ശ്രീ.ഉസ്മാൻ കുട്ടി | 31/177 B | 90.74 | 30 | 2450 | 123 | 245 | 2818 | ഇളവ് – 10% വർദ്ധനവ്-0% |
| 42 | | 31/177 C | 90.74 | 30 | 2450 | 123 | 245 | 2818 | |
| 43 | | 31/177 D | 90.74 | 30 | 2450 | 123 | 245 | 2818 | |
| 44 | ശ്രീമതി.ആയിഷ . ടി.എം | 33/75 A | 60.39 | 30 | 1631 | 82 | 164 | 1877 | ഇളവ് – 10% വർദ്ധനവ്-0% |
| 45 | | 33/75 B | 63.95 | 30 | 1727 | 87 | 173 | 1987 | |
| 46 | ശ്രീ.റഷീദ് | 19/157 A | 63.66 | 30 | 1719 | 86 | 172 | 1977 | ഇളവ് – 10% വർദ്ധനവ്-0% |
| 47 | | 19/157 B | 61.71 | 30 | 1667 | 84 | 167 | 1918 | |
| 48 | ശ്രീ.പി.വി.മജീദ് | 9/328A | 101.62 | 30 | 4116 | 206 | 412 | 4734 | ഇളവ് – 0% വർദ്ധനവ്-35% |
| 49 | | 9/328A1 | 101.62 | 30 | 4116 | 206 | 412 | 4734 | |
| 50 | | 9/328A2 | 101.62 | 30 | 4116 | 206 | 412 | 4734 | |
| 51 | | 9/328A3 | 101.62 | 30 | 4116 | 206 | 412 | 4734 | |
| 52 | | 9/328A4 | 101.63 | 30 | 4116 | 206 | 412 | 4734 | |
| 53 | | 9/328A5 | 101.63 | 30 | 4116 | 206 | 412 | 4734 | |
| 54 | ശ്രീ.മുഹമ്മദ് എന്ന ബാവ | 39/306A | 74.43 | 30 | 3015 | 151 | 302 | 3468 | ഇളവ് – 0% വർദ്ധനവ്-35% |
| 55 | | 39/306B | 74.43 | 30 | 3015 | 151 | 302 | 3468 | |
| 56 | | 39/306C | 79.59 | 30 | 3224 | 161 | 322 | 3707 | |
| 57 | | 39/306D | 79.59 | 30 | 3224 | 161 | 322 | 3707 | |
| 58 | ശ്രീ.സുലൈമാൻ | 13/189A | 87.33 | 30 | 3144 | 157 | 314 | 3615 | ഇളവ് – 0% വർദ്ധനവ്-20% |
| 59 | | 13/189B | 87.33 | 30 | 3144 | 157 | 314 | 3615 | |

നഗരസഭയുടെ വിജ്ഞാപനത്തിൽ പാർപ്പിട നികുതി നിശ്ചയിച്ചിട്ടുള്ള വാടക ക്വാർട്ടേഴ്സുകൾ പരിശോധിച്ച് വാടകയ്ക്ക് അനുസരിച്ച് നികുതി നിശ്ചയിക്കുന്നതാണെന്ന് വ്യക്തമാക്കിയതായി കാണുന്നു. എന്നാൽ വാടക മൂല്യത്തിനനുസരിച്ച് നികുതി നിർണ്ണയിക്കുന്നത് , ബന്ധപ്പെട്ട ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒഴിവാക്കിയിട്ടുള്ളതാണ്.

കൂടാതെ 15.03.2013 ലെ സ.ഉ.(അ)നം.100/2013/തസ്വഭവ ഉത്തരവായി പ്രസിദ്ധീകരിച്ച ഭേദഗതി വരുത്തിയ നികുതി നിർണ്ണയ ചട്ടങ്ങൾ പ്രകാരം വിടിഫൈഡ് ടൈൽസ് വിരിക്കുന്നതിന് നിലവിലുണ്ടായിരുന്ന വർദ്ധനവ് ഒഴിവാക്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത ചട്ടത്തിനു വിരുദ്ധമായി ടൈൽസ് പാകിയ ക്വാർട്ടേഴ്സ് കെട്ടിടങ്ങളിൽ ചിലതിന് 15% അടിസ്ഥാന നികുതിയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.ഉദാ:-ശ്രീ.ഹംസത്ത് (44/156Aമുതൽ 44/156N വരെ),ശ്രീ.പി.വി.മജീദ്(9/328Aമുതൽ 9/328A5 വരെ),ശ്രീ.മുഹമ്മദ് എന്ന ബാവ(39/306A മുതൽ 39/306Dവരെ)

അതേ ഉത്തരവ് പ്രകാരം തന്നെ 01.04.2013നു മുമ്പ് നികുതി നിർണ്ണയിച്ചിട്ടുള്ള താമസ കെട്ടിടങ്ങൾക്ക് തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുമ്പോൾ നിലവിലുണ്ടായിരുന്ന നികുതിയുടെ 60%ത്തിൽ അധികരിക്കാൻ പാടില്ലാത്തതുമാണ്. എന്നാൽ പ്രസ്തുത ചട്ടത്തിനു വിരുദ്ധമായി01.04.2013 വരെ 219രൂപ വീതം നികുതിയുണ്ടായിരുന്ന 20/370 (Old-EP7/931), 20/369 (Old-EP7/934), 20/368 (Old-EP7/933) എന്നീ കെട്ടിടങ്ങൾക്ക് 60% ത്തിൽ അധികം നിർണ്ണയിച്ചുവെന്ന് മാത്രമല്ല, പാർപ്പിട കെട്ടിടങ്ങൾക്ക് ബാധകമല്ലാത്ത 30/-രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു.

പ്രസ്തുത ചട്ടങ്ങൾ പ്രകാരം മേഖലകളുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ വർദ്ധനവ് ഇല്ലാത്തതാണ്.വഴി സൗകര്യത്തിന്റെ കാര്യത്തിൽ നാഷണൽ ഹൈവേ,സംസ്ഥാന ഹൈവേ എന്നിവിടങ്ങളിൽ നിന്ന് പ്രവേശനമുള്ളവയ്ക്ക് മാത്രമാണ് (20%) വർദ്ധനവുള്ളത്. എന്നാൽ നാഷണൽ/സംസ്ഥാന ഹൈവേകളിൽ നിന്ന് പ്രവേശനമുള്ളതന്ന്

രേഖപ്പെടുത്തലുകളില്ലാത്ത ക്വാർട്ടേഴ്സുകളിൽ ചിലതിന് 20% വർദ്ധനവ് നൽകിയിരിക്കുന്നു.ഉദാ:- ശ്രീ.പി.വി.മജീദ് (9/328Aമുതൽ 9/328A5 വരെ),ശ്രീ.മുഹമ്മദ് എന്ന ബാവ(39/306A മുതൽ 39/306Dവരെ),ശ്രീ.ഹംസത്ത്(44/156Aമുതൽ 44/156N വരെ).

കേരള മുനിസിപ്പാലിറ്റി നിയമത്തിനും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി പാർപ്പിട ക്വാർട്ടേഴ്സുകൾക്ക് അധിക നിരക്കിൽ നികുതി ചുമത്തിയതിനെ സാധൂകരിക്കുന്ന നിലവിലുള്ള നിയമമോ ചട്ടമോ ഉത്തരവുകളോ ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം ലഭ്യമാക്കേണ്ടതിന് ഓഡിറ്റ് എൻക്വയറി (നം.33 /22.10.2020).മറുപടി ലഭ്യമാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി നിയമത്തിനും ചട്ടങ്ങൾക്കും സർക്കാർ ഉത്തരവിനും വിരുദ്ധമായി നികുതി ചുമത്തിയത് പുന:പരിശോധിക്കേണ്ടതാണ്.

## 1-16 ടെണ്ടർ ഫോം വില നഗരസഭക്ക് ലഭ്യമായില്ല

2018-19 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം പരാമർശിച്ചതാണെങ്കിലും ഈ തുക തിരികെ ലഭിക്കുന്നതിന് നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പ്രസ്തുത തുക തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതും നഗരസഭക്ക് ലഭ്യമാവേണ്ട വരുമാനം നഷ്ടമാവുന്നില്ല എന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇ -ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | അടങ്കൽ | പങ്കെടുത്തവർ | ടെണ്ടർ ഫോം വില | ആകെ |
|---|---|---|---|---|---|
| 1 | മുറിഞ്ഞഴി കാന നിർമ്മാണം (135/19) | 2000000 | 3 പേർ | 2500 | 7500 |
| 2 | അംഗൻവാടി കെട്ടിട നിർമ്മാണം (212/19) | 1000000 | 2പേർ | 2000 | 4000 |
| 3 | എ.യു.പി.സ്കൂൾ റോഡ് കോൺക്രീറ്റ് (265/19) | 760000 | 2 പേർ | 1520 | 3040 |
| 4 | ഉറൂബ് നഗർ വെറ്ററിനറി ഡിസ്പെൻസറി മെയിന്റനൻസ് (286/19) | 500000 | 2പേർ | 1000 | 2000 |
| 5 | മുറിഞ്ഞഴി കാന പൂർത്തീകരണം (319/19) | 1700000 | 3 പേർ | 2500 | 7500 |
| 6 | ബദർ പള്ളി മുൻവശം ഡ്രൈനേജ് ഫൂട്പാത്ത് (287/19) | 2470000 | 2പേർ | 2500 | 5000 |
| 7 | വിവിധ കാനകളുടെ നിർമ്മാണം (220/19) | 600000 | 1 | 1200 | 2400 |
| 8 | കനോലി കനാൽ റോഡ് റീ സർഫേസിങ് (300/19) | 675000 | 1 | 1350 | 2700 |
| 9 | ആവിക്കുളം റോഡ് ഡ്രൈൻ കം ഫുട്പാത്ത് നിർമ്മാണം (221/19) | 687000 | 1 | 1374 | 1374 |
| 10 | ആവിക്കുളം റേഷൻകട റോഡ്, സുബർക്ക പള്ളി മുൻവശം റോഡ് പുനരുദ്ധാരണം (223/19) | 570000 | 1 | 1140 | 1140 |
| 11 | ലഗോൺ പറമ്പ് നടപ്പാത (130/19) | 610000 | 1 | 1220 | 2440 |
| 12 | ക്രസന്റ് ഐസ് ഫാക്ടറി മുൻവശം | 600000 | 1 | 1200 | 1200 |

| | | | | | |
|---|---|---|---|---|---|
| | ഡ്രൈൻ നിർമ്മാണം ( 283/19) | | | | |
| 13 | പുതുക്കുടിയിൽ ഹൈവേ കനോലി കനാൽ ഡ്രൈനേജുകൾ ( 264/19) | 1447000 | 2പേർ | 2500 | 5000 |
| 14 | വിവിധ ഫൂട്പാത്ത് നിർമ്മാണം ( 264/19) | 700000 | 4പേർ | 1400 | 5600 |
| 15 | വിവിധ നടപ്പാത നിർമ്മാണം ( 127/19) | 800000 | 1 | 1600 | 1600 |
| 16 | നായാടി കോളനി നിർമ്മാണം ( 128/19) | 800000 | 1 | 1600 | 1600 |
| 17 | എരിക്കമണ്ണ IHDP കോളനി ( 33/19) | 925000 | 1 | 1850 | 1850 |
| 18 | വിവിധ നടപ്പാത നിർമ്മാണം (208/19) | 1300000 | 2പേർ | 2500 | 5000 |
| 19 | പതിയാരത്ത് അമ്പലം മുതൽ പട്ടാലയിൽ ശാന്തയുടെ വീട് വരെ ഡ്രൈൻ കം ഫുട്പാത്ത് നിർമ്മാണം (183/19) | 783000 | 2പേർ | 1566 | 3132 |
| 20 | 75-ാം നമ്പർ അംഗൻവാടി കെട്ടിട പൂർത്തീകരണവും ചുറ്റുമതിൽ നിർമ്മാണവും (143/19) | 600000 | 1 | 1200 | 1200 |
| 21 | ലൈറ്റ് ഹൗസ് മുൻവശം റോഡ് ഇന്റർലോക്ക് (237/19) | 514000 | 1 | 1028 | 1028 |
| 22 | കളരി പറമ്പിൽ മാളുക്കുട്ടി വീട് മുതൽ ചെറുവായിക്കര തങ്കമണി വീട് വരെ കാന നിർമ്മാണം (167/19) | 845000 | 1 | 1690 | 1690 |
| 23 | വളപ്പിലകത്ത് യൂസഫ് വീട് മുതൽ കൊട്ടാന്തിയിൽ സീതാലക്ഷ്മി വീട് വരെ ഫൂട്പാത്ത് കം ഡ്രൈനേജ് (151/19) | 630000 | 3പേർ | 1260 | 3780 |
| | ആകെ | | | | 71774 |

ഓഡിറ്റ് എൻക്വയറി 25/19.10.2020 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-17 വാടക കുടിശ്ശിക -2544രൂപ ഈടാക്കിയിട്ടില്ല

നഗരസഭയുടെ കീഴിൽ പുളിക്കടവ് എന്ന സ്ഥലത്തെ നഗരസഭയുടെ സ്റ്റാഫ് ക്വാർട്ടേഴ്സ് ബിൽഡിംഗിൽ (Room No . 23, വാടകക്കാരന്റെ പേര്-ശ്രീ.കമലാ മേനോൻ) പ്രവർത്തിക്കുന്ന "നല്ല ഭക്ഷണ - പ്രസ്ഥാനം" എന്ന സ്ഥാപനത്തിൽ നിന്ന് 2017 നവംബർ മാസം വരെ മാത്രമേ വാടക ഈടാക്കിയിട്ടുള്ളൂ.ആയതിനാൽ 2017-18 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശികയായ 636 രൂപയും (159 x 4=636), 2018-19 സാമ്പത്തിക വർഷത്തിലെ വാടക കുടിശ്ശികയായ 1908 രൂപയും (159*12=1908) ഉൾപ്പെടെ 2544 രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-18 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം രജിസ്റ്ററുകളും രേഖകളും നഗരസഭ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ 2018-19 വാർഷിക കണക്ക് പ്രകാരം തൊഴിൽ നികുതി ഇനത്തിൽ ലഭിച്ച വരവിന്റേയും സാമ്പത്തിക വർഷാവസാനം കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുകയുടേയും ആധികാരികത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപാകങ്ങളുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1). ചട്ടം 10 പ്രകാരം സെക്രട്ടറി ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ച് കൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതും അങ്ങനെയുള്ള സംഗതിയിൽ ഓഫീസ് മേധാവിയും സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഓഫീസർമാരും നികുതി നൽകാൻ ബാദ്ധ്യസ്ഥരായ ആളുകളായിരിക്കുന്നതും അടവ് തുക അവരുടെ പേരിൽ വരവ് വെക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ അനേകം സ്ഥാപനങ്ങളുടെ പേരുകൾ ഒരേ പേജിൽ തന്നെ രേഖപ്പെടുത്തുകയും, അവയ്ക്ക് നേരെ അടവാക്കിയ ആകെ തുക ഭാഗികമായി മാത്രം രേഖപ്പെടുത്തുകയും മാത്രമാണ് ചെയ്തിട്ടുള്ളത്. എല്ലാ സ്ഥാപനങ്ങളുടെയും, ഓഫീസർമാരുടേയും അടവ് വിവരം ഈ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ, വാർഷിക സംഗ്രഹം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ തൊഴിൽ നികുതിയിനത്തിൽ വരുമാന ചോർച്ചയുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2). വ്യക്തികൾ/സ്ഥാപനങ്ങൾ സമർപ്പിക്കുന്ന റിട്ടേണുകൾ (ഫോറം IV) പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(42/23.10.20)മറുപടി നൽകിയിട്ടില്ല.

ഡിമാന്റ് രജിസ്റ്റർ ചട്ടപ്രകാരം എഴുതി തയ്യാറാക്കേണ്ടതും റിട്ടേണുകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-19 ഡ്രൈനേജ് സൈഡ് വാൾ - സെന്ററിങ് പ്രവൃത്തിക്ക് 249612 രൂപ അധിക നിരക്ക് നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികളിൽ ഡ്രൈനേജ് നിർമ്മിക്കുന്നതിന്റെ ഭാഗമായി ഡ്രൈനേജിന്റെ വശങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള സെന്ററിങ് പ്രവൃത്തിക്ക് DSRഡാറ്റ 4.3.2 പ്രകാരമുള്ള നിരക്കാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ഡ്രൈനേജിന് വേണ്ടി ഒന്നാം ഇനമായി എർത്ത് വർക്ക് ചെയ്ത് മണ്ണ് ഒഴിവാക്കിയ ശേഷമാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളത് എന്നതിനാൽ ഫൗണ്ടേഷൻ പ്രവൃത്തിക്ക് ബാധകമായ DSRഡാറ്റ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഇവിടെ സെന്ററിങ് പ്രവൃത്തിക്ക് നൽകാവുന്നത്. ലിന്റൽ, ബീം എന്നിവയുടെ സെന്ററിങ് പ്രവൃത്തിക്ക് ബാധകമായ- DSR 5.9.5- ഡാറ്റയിലും ഉയർന്ന നിരക്കാണ് 4.3.2 പ്രകാരമുള്ള ഡാറ്റയിൽ ഉള്ളത്. അത്രയൊന്നും മനുഷ്യ അധ്വാനവും, മെറ്റീരിയൽസും ഡ്രൈനേജ് സെന്ററിങ് പ്രവൃത്തിക്ക് ആവശ്യമില്ല എന്ന് വ്യക്തമാണ്. ശരാശരി 0.70cm മാത്രമാണ് ഇവിടെ സെന്ററിങ് പ്രവൃത്തിയുടെ ഉയരം വരുന്നത്.
കറുകതിരുത്തി ചുവന്ന റോഡ് റീ സർഫേസിങ് രണ്ടാം ഘട്ടം ( 430 /19), ബീരാൻ മിൽ ഡ്രൈനേജ് രണ്ടാം ഘട്ടം നിർമ്മാണം (431/19), ഈഴവതിരുത്തി Scകോളനി ഡ്രയിൻ കം ഫുട്പാത്ത് വാർഡ് 9 ( 470 /19)എന്നീ പ്രവൃത്തികളിൽ 4.3.1 പ്രകാരമുള്ള നിരക്ക് മാത്രമാണ് ഡ്രൈനേജ് സൈഡ് വാൾ സെന്ററിങ് പ്രവൃത്തിക്ക് നൽകിയിട്ടുള്ളത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 39 /22.10.2020 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 249612 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു.
വിശദാംശങ്ങൾ ഖണ്ഡിക 3-1 ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-20 ആകെ പ്രവൃത്തി മൂല്യത്തിലും അധികരിച്ച് 34867 രൂപ കരാറുകാരന് നൽകി

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേഘ ഇടവഴി ഡ്രൈൻ കം ഫൂട്പാത്ത് നിർമ്മാണം ( 376/19) എന്ന പ്രവൃത്തിയുടെ സെക്കന്റ് & ഫൈനൽ ബിൽ പ്രകാരം ആകെ പ്രവൃത്തി മൂല്യം 737356രൂപയാണ്. ആയതിൽ നിന്ന് ഒന്നാം പാർട്ട് ബിൽ തുക 269470 രൂപ കിഴിവ് ചെയ്താൽ കരാറുകാരന് നൽകാനുള്ളത് 467886രൂപയാണ്. എന്നാൽ 502753രൂപ ഫൈനൽ ബിൽ പ്രകാരം കരാറുകാരന് നൽകിയിട്ടുണ്ട്. കൂടാതെ ഒന്നാം പാർട്ട് ബില്ലിൽ നിന്നും കുറവ് ചെയ്ത റിട്ടൻഷൻ തുകയും പിന്നീട് നൽകിയിട്ടുണ്ട്. അധികം നൽകിയ 34867 രൂപ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3(2) ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-21 ഡ്രൈനേജിന് ഉൾവശം സിമന്റ് കോൺക്രീറ്റ് - തെറ്റായ അളവ് രേഖപ്പെടുത്തി 14599രൂപ അധിക തുക നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ കറുകതിരുത്തി ചുവന്ന റോഡ് റീ സർഫേസിങ് രണ്ടാം ഘട്ടം വാർഡ് ( 430 /19) എന്ന പ്രവൃത്തിയുടെ ഇനം 5ആയി ഡ്രൈനേജിന്റെ ഉൾവശം 1:2:4 സിമന്റ് കോൺക്രീറ്റ്

143.60*0.90*0.05=6.462 അളവിൽ ചെയ്തതായി കാണിച്ച് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ 143.60*0.40*0.05=2.872$m^3$ അളവിൽ മാത്രമാണ് ചെയ്തിട്ടുള്ളത്.

പ്രവൃത്തിയുടെ ഇനം 1 ആയി 143.60*0.90*0.78അളവിൽ ഡ്രൈനേജിനായി മണ്ണ് എടുക്കുകയും ശേഷം ഇതേ അളവിൽ 10.cm കനത്തിൽ 1:4:8 സിമന്റ് കോൺക്രീറ്റ് ചെയ്തശേഷം ഇനം 4ആയി ഡ്രൈനേജിന്റെ 2 വശങ്ങളിലും 25cm കനത്തിൽ 1;3:6സിമന്റ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വിയറിങ്ങ് കോട്ട് ആയി 1:2:4 സിമന്റ് കോൺക്രീറ്റ് ചെയ്യുന്നത് (ഇനം 5) 0.40m ൽ മാത്രമാണ്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതൊണ്. വിശദാംശങ്ങൾ ഖണ്ഡിക 3(3) ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-22 വിവിധ നടപ്പാതകളുടെ കോൺക്രീറ്റ് അധിക ചെലവ് അംഗീകരിക്കുന്നില്ല

1.അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നടപ്പാതകൾ കോൺക്രീറ്റ് ( 395 /19) എന്ന പ്രവൃത്തിയുടെ എക്സ്ട്രാ ഇനം 1 ആയി ഡ്രൈ റബ്ൾ മേസനറി (റീടെയിനിങ് വാൾ ബേസ്മെന്റ്) ചെയ്തതിന്റെ അളവ് 10.728m3 എന്നത് തെറ്റായി 13.41m3എന്ന് രേഖപ്പെടുത്തി കരാറുകാരന് തുക നൽകിയത് വഴി 2663 രൂപ അധിക ചെലവുണ്ടായി.

59.60*0.45*.40=10.728 എന്നതിന് പകരം പ്രവൃത്തിയുടെ ഫൗണ്ടേഷന് വേണ്ടിയുള്ള ഡ്രൈ റബ്ൾ മേസനറിയുടെ അളവായ 59.60*0.50*.45=13.41 എന്ന് തെറ്റായി എഴുതി തുക നൽകിയത് കാരണമാണ് അധിക തുക നൽകാനിടയായത്. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

2. ഈ പ്രവൃത്തിയുടെ ഇനം 1ആയി 55.305$m^3$ മണ്ണ് ഫില്ലിങ്ങിന് കരാറുകാരന് തുക നൽകിയിട്ടുണ്ട് ( അളവ് പുസ്തകം പേജ് 5). ഈ പ്രവൃത്തിയുടെ ഇനം 4ആയി 13.41$m^3$ കിളച്ചെടുത്തിട്ടുണ്ട്. ( അളവ് പുസ്തകം പേജ് 1) കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിക്കേണ്ടതും ആയത് കുറവ് ചെയ്ത് മാത്രം കരാറുകാരന് തുക നൽകേണ്ടതുമായിരുന്നു. കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. ഈ ഇനത്തിൽ അധികം നൽകിയ തുക ഈടാക്കേണ്ടതാണ്.

വിശദാംശങ്ങൾ ഖണ്ഡിക 3-10 ആയി ഉൾപെടുത്തിയിട്ടുണ്ട്.

## 1-23 ചെലവുകൾക്കാധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപറയുന്ന ചെലവുകൾക്കാധാരമായതും കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് 2007 റൂൾ 9 (2) പ്രകാരം സൂക്ഷിക്കേണ്ടതുമായ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല

| ക്രമ നം | ചെലവ് വിവരം | തുക | ബിൽ /ചെക്ക് നം. തിയ്യതി | റിമാർക്സ് |
|---|---|---|---|---|
| 1 | മഴക്കാല പൂർവ്വ ശുചീകരണം | 615000<br>(41x15000)<br>150000<br>(10x15000)<br>(തനത് ഫണ്ട്) | ചെക്ക് നം 779230/11.4.18(വൗച്ചർ നം. 21800065/11.4.18)<br>(വാർഡ് കൺവീനർമാരുടെയും ചെയർമാന്റെയും ജോയിന്റ് അക്കൗണ്ടിലേക്ക് നൽകിയത്)<br>ചെക്ക് നം 509212/2.6.18<br>(വൗച്ചർ നം. 21800340/2.6.18) | വിനിയോഗ വിവരം ഇല്ല |
| 2 | ഹരിത കർമ്മസേന രൂപീകരണം (പ്രൊജക്റ്റ് നം.482/19 ) | 300000<br>(വികസന ഫണ്ട്) | ബിൽ നം. 117/27.3.19 -174500<br>ബിൽ നം.118/27.3.19- 125500<br>----------------<br>ആകെ 300000 | പാത്രങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം<br>(വിശ്വാസ് കെയർ എന്ന സ്ഥാപനത്തിന് നൽകി) |

| | | | | |
|---|---|---|---|---|
| | | | | 2.യൂണിഫോം വാങ്ങിയതിന്റെ ബില്ല് (കുടുംബശ്രീ സി.ഡി.എസ്. പ്രസിഡന്റിന് നൽകിയത്) |

ആകെ 1065000

ചെലവ് രേഖകൾ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 13/15.10.2020 നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല.ചെലവ് തുക 1065000 തടസ്സം ചെയ്യുന്നു.

## 1-24 ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ

2018-19 ൽ നൽകിയ താഴെ പറയുന്ന മുൻകൂറുകൾ നാളിതുവരെയും ക്രമീകരിച്ചിട്ടില്ല

| ക്രമ നം | നൽകിയ തിയ്യതി | മുൻകൂർ നൽകിയത് | ആവശ്യം | തുക | വൗച്ചർ നം/ തിയ്യതി |
|---|---|---|---|---|---|
| 1 | 16.5.2018 | ദിപിൻ രാജ് .കെ PWO III | ഈശ്വരമംഗലം ഭദ്രാംകുളം ശ്മശാനത്തിന് വാട്ടർ പമ്പ് | 11000 | 21800239/16.5.18 |
| 2 | 13.6.2018 | ദിപിൻ രാജ് .കെ PWO III | കേട് വന്ന കുഴൽകിണർ പുന:സ്ഥാപിക്കുന്നതിന് | 9600 | 21800372/13.6.18 |
| 3 | 13.6.2018 | മോഹനൻ JHI | 46ാം വാർഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് | 40000 | 21800376/13.6.18 |
| 4 | 10.10.2018 | ദിപിൻ രാജ് .കെ PWO III | ജില്ലാ പോലീസ് സൂപ്രണ്ടിന്റെ പേരിലുള്ള പരാതി പെട്ടി സ്ഥാപിക്കുന്നതിന് | 2000 | 21801168/10.10.18 |
| 5 | 28.11.2018 | പ്രിയ V.I സീനിയർ ക്ളർക്ക് | 19-20 വികസനസെമിനാർ,ഗ്രീൻ റോയൽറ്റി പദ്ധതി ഉത്ഘാടനം | 100000 | 21801449/28.11.18 |
| 6 | 16.1.2019 | സി.പി ബിനീഷ് ക്ളർക്ക് | നഗരസഭ മാസ്റ്റർ പ്ളാൻ തയ്യാറാക്കൽ അനുബന്ധചെലവുകൾ | 15000 | 21800917/16.1.19 |
| 7 | 15.3.2019 | അശോകൻ.എ ക്ളർക്ക് | കടവനാട് ആരോഗ്യ ഉപകേന്ദ്രം സ്ഥലം രജിസ്ട്രേഷൻ | 15000 | 21802296/15.2.19 |
| 8 | 28.5.2018 | അബ്ദുൽ ഷുക്കൂർ ക്ളർക്ക് | തെയ്യങ്ങാട് GLPS സ്ഥലം അതിർത്തി നിർണ്ണയം | 10000 | 21800292/28.5.18 |
| 9 | 15.2.2019 | രമ എൻ.ആർ സീനിയർ ക്ളർക്ക് | 19-20 ബഡ്ജറ്റ് അവതരണം ചെലവ് | 50000 | 21802297/15.2.19 |
| 10 | 20.2.2019 | രമ എൻ.ആർ സീനിയർ ക്ളർക്ക് | 19-20 ബഡ്ജറ്റ് അവതരണം ചെലവ് | 100000 | 21802333/16.2.1 |
| 11 | 20.2.2019 | അശോകൻ.എ ക്ളർക്ക് | വിവിധ അംഗൻവാടികളുടെ ഉത്ഘാടനം-ചെലവ് | 50000 | 21802417/20.2.19 |
| 12 | 2.3.19 | അശോകൻ.എ | വിവിധ അംഗൻവാടികളുടെ | 30000 | 21802486/2.3.19 |

| | | | | | |
|---|---|---|---|---|---|
| | | ക്ളർക്ക് | ഉത്ഘാടനം-ചെലവ് | | |
| 13 | 2.3.19 | അശോകൻ.എ<br>ക്ളർക്ക് | ബിയ്യം ആരോഗ്യ ഉപകേന്ദ്രം<br>ഉത്ഘാടനം-ചെലവ് | 30000 | 21802500/2.3.19 |

.

ആകെ 452700

G.O(P) No.419/11 .fin dt.4.10.2011 പ്രകാരം തുക മുൻകൂർ 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണെന്നിരിക്കെ നാളിതുവരെയും ക്രമീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ് കാണിച്ച് ഓഡിറ്റ് എൻക്വയറി നം. 16/15.10.2020 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക 452700 ത്രുപതടസ്സം ചെയ്യുന്നു.

## 1-25 ലീവ് ട്രാവൽ കൺസഷൻ മുൻകൂർ നൽകിയ തുക ക്രമീകരിച്ചില്ല.

ശ്രീ .ശിവദാസൻ ആറ്റുപുറത്ത് ,സീനിയർ ക്ളർക്ക് (Basic Pay 46900)എന്നവർക്ക് ലീവ് ട്രാവൽ കൺസഷൻ മുൻകൂറായി 86000 രൂപ (തനത്ഫണ്ട്) നൽകിയിട്ടുണ്ട് (വൗച്ചർനം.21801650/115.12.2018).തുക നാളിത് വരെയും ക്രമീകരിച്ചിട്ടില്ല.വിശദവിവരത്തിന് ഖണ്ഡിക 3-6 കാണുക

## 1-26 പെൻഷൻ ഫണ്ട് പരിശോധന-അവലോകനം

1996-ലെ കേരള മുനിസിപ്പാലിറ്റി(ജീവനക്കാരുടെ ഡെത്ത് കം റിട്ടയർമെന്റ് ബെനഫിറ്റ്)ചട്ടങ്ങൾ ചട്ടം 10 പ്രകാരം പെൻഷൻകാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് വേണ്ടി സെക്രട്ടറി ട്രഷറിയിലോ ദേശസാത്കൃതബാങ്കിലോ മുനിസിപ്പൽ പെൻഷൻഫണ്ട് എന്ന പേരിൽ ഒരു സേവിംഗസ് ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും ഈ ആവശ്യങ്ങൾക്ക് വേണ്ടി 9 ാം ചട്ടത്തിലെ മൂന്നും നാലും ഉപചട്ടങ്ങൾ അനുസരിച്ച് ഡയറക്ടർ അനുവദിക്കുന്ന തുക മുനിസിപ്പൽ പെൻഷൻ ഫണ്ടിലേക്ക് വരവ് വെക്കേണ്ടതുമാണ്.എന്നാൽ അത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിക്കാതെ പെൻഷൻ ഫണ്ടിലേക്ക് വരുന്നതുക തനത് ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

വിരമിച്ച ജീവനക്കാർക്കു ലഭിക്കേണ്ട പെൻഷൻ തുക സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും യഥാസമയം ലഭ്യമാകാത്തതിനാൽ, നഗരസഭാ ഫണ്ടിൽ നിന്നു തന്നെ നൽകി വരികയാണ്. അത് കൊണ്ട് തന്നെ ഭീമമായ തുക നഗരസഭയ്ക്ക് ബാധ്യതയായി വന്നിട്ടുണ്ട്. ലഭ്യമായ രേഖകൾ പ്രകാരം 2017 മാർച്ച് 31 വരെ 17997985 രൂപ ലഭിക്കാനുണ്ട്. (1.4.2017 മുതൽ നാളിതുവരെ എത്ര തുക ലഭ്യമാകാനുണ്ട് എന്നത് കണക്കാക്കിയത് സംബന്ധിച്ച വിവരം ഫയലിൽ ഇല്ല.)31.3.17 ന് ശേഷം നാളിതുവരെയായി സെൻട്രൽ പെൻഷൻഫണ്ടിൽ നിന്നും താഴെപറയും പ്രകാരം തുക ലഭിച്ചിട്ടുണ്ട്.

| ക്രമ നം | തിയ്യതി | തുക |
|---|---|---|
| 1 | 8.3.2018 | 4217133 |
| 2 | 21.2.2019 | 1101695 |
| 3 | 25.6.2020 | 1810677 |

ആകെ 7129505

2017 മാർച്ച് വരെയുള്ള ലഭിക്കാനുള്ളതിൽ മാത്രം ഇനിയും 10868480(17997985-7129505) രൂപ ലഭ്യമാക്കാൻ അവശേഷിക്കുന്നുണ്ട് .2018-19 ൽ ലഭ്യമായ 1101695 രൂപ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.32/22-10-20 നൽകിയതിന് പ്രത്യേക ബാങ്ക് അക്കൗണ്ട് രൂപീകരിച്ച് പെൻഷൻ ഫണ്ട് അതിലേക്ക് മാറ്റുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-27 ലൈബ്രറി സെസ് അടവാക്കിയില്ല

സർക്കുലർ നം.17263/L3/തസ്വഭവ തി.29.12.2000 പ്രകാരം ഓരോ അർദ്ധവർഷവും കഴിഞ്ഞ് 30 ദിവസത്തിനകം ലൈബ്രറി സെസ് അടവാക്കേണ്ടതാണ്. 2018-19 വർഷത്തിൽ വാർഷിക കണക്ക് പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 2032932 രൂപ അടവാക്കാൻ അവശേഷിക്കുന്നുണ്ട് .ലൈബ്രറി സെസ് അടവാക്കിയതിന്റെ വിവരം ആവശ്യപ്പെട്ട്ഓഡിറ്റ് എൻക്വയറി നം .31 /22.102020 നൽകിയതിന് അടവാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്.The Kerala Decentralisation of Power Act(Act 16 of 2000) സെക്ഷൻ 358(3) പ്രകാരം ഈടാക്കിയ തുക 3 മാസത്തിനുള്ളിൽ ഒടുക്കിയില്ലെങ്കിൽ 2% പിഴ ഒടുക്കേണ്ടതും സെക്രട്ടറി/ചെയർപേഴ്സണും അത്തരത്തിലുള്ള വൈകലിന് ബാധ്യസ്ഥരായിരുക്കുന്നതുമാണ്. ലൈബ്രറി സെസ് യഥായമയം അടവാക്കാൻ ശ്രദ്ധിക്കേണ്ടതും അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-28 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ -അപാകതകൾ

സ്ട്രീറ്റ് ലൈറ്റ് റിപ്പയർ എന്ന പ്രവൃത്തിക്കായി ക്വട്ടേഷൻ വിളിക്കുകയും പോസ്റ്റ് ഒന്നിന് കുറഞ്ഞ നിരക്ക് 355( നെഗോഷിയേറ്റ് ചെയ്ത്) ക്വോട്ട് ചെയ്ത ശ്രീ അനസ് .എസ് ,കൊച്ച് വീട്,ന്യൂ ടെക് അസോസിയേറ്റ്സ്,പടിഞ്ഞാറെക്കര ,തേവലക്കര എന്നവർക്ക് പ്രവൃത്തി നൽകുകയും ചെയ്തിട്ടുണ്ട്.(എഗ്രിമെന്റ് നം.106/17-18 തി.2.3.2018).ആയതിന് താഴെപ്പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | തുക | ചെക്ക് നം./ തിയ്യതി | വൗച്ചർ നം/തിയ്യതി |
|---|---|---|---|
| 1 | 1246973 | 3053462/23.6.2018 | 21800460/23.6.18 |
| 2 | 1043487-<br>22904 (IT)<br>222 (cess)<br>2500 (PT)<br>150(fine)<br>------------<br>1017711 | 772107/25.3.2019 | 21802884/25.3.2019 |

ആകെ 2290460

നിർവ്വഹണം - സെക്രട്ടറി

ഫണ്ട്- തനത് ഫണ്ട്

പദ്ധതി പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

1.പ്രവൃത്തി നിർവ്വഹണം നടത്തുന്നതിന് മുൻപ് നഗരസഭയിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം(കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ,വാട്സ്,വാർഡ് നമ്പർ ഇനം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ)ലഭ്യമാക്കിയിട്ടില്ല.ഇതു സംബന്ധിച്ച് കെ എസ് ഇ ബിയും,നഗരസഭയും സംയുക്തമായി പരിശോധന നടത്തി വിവര ശേഖരണം നടത്തിയതിന്റെ രേഖകൾ ഇല്ല.

2)പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രം അപൂർണ്ണമാണ്.ഏതൊക്കെ പോസ്റ്റുകളിലാണ് ഏത് ഇനം തെരുവ് വിളക്ക് മാറ്റിയത് എന്ന് രേഖപ്പെടുത്താതെ പ്രവർത്തനക്ഷമമാണ്എന്ന് മാത്രമാണ് സാക്ഷ്യപത്രത്തിൽ ഉള്ളത്.

3)12.6.2018-ൽ മുനിസിപ്പൽ എഞ്ചിനീയർ 5018 എണ്ണം അറ്റകുറ്റപണി നടത്തിയതായിട്ടാണ് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്.എന്നാൽ കരാറുകാരന്റെ 10.3.2019 ലെ കത്ത് പ്രകാരം 6452 എണ്ണം അറ്റകുറ്റപ്പണി നടത്തിയതായി അവകാശപ്പെടുകയും ആയത് പ്രകാരമുള്ള തുക അനുവദിക്കുകയു ചെയ്തിട്ടുണ്ട്.(6452-5018=1434 എണ്ണം അറ്റകുറ്റപണി നടത്തിയതിന്റെ വിവരം ഇല്ല.)1434 എണ്ണം അറ്റകുറ്റപ്പണി നടത്തിയതിന്റെ രേഖകൾ ഇല്ലാത്തതിനാൽ ചെലവ് തുക 509070(1434x 355) തടസ്സം ചെയ്യുന്നു.

4)നിയമാനുസൃത GST 2% TDS ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്

. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം.23/19.10.2020 നൽകിയതിന് അപാകത പരിഹരിക്കുന്നതാണെന്നും നിയമാനുസൃത GST 2% TDS ഈടാക്കിയിട്ടുണ്ടെന്നും ഉള്ള മറുപടിയാണ് ലഭ്യമാക്കിയത്.എന്നാൽ TDS ഈടാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല.

## 1-29 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങൽ -സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

2018-19 വർഷത്തിൽ സ്ട്രീറ്റ് ലൈറ്റ് റിപ്പയർ അനുബന്ധ സാമഗ്രികൾ വാങ്ങുന്നതിനായി താഴെപറയും പ്രകാരം തുക നൽകിയിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് )റൂൾ 2007 റൂൾ 71 പ്രകാരം സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വിനിയോഗിച്ച തുക – 1751542 രൂപ (തനത് ഫണ്ട്)

നിർവ്വഹണം - സെക്രട്ടറി

| ക്രമ നം. | തുക | ചെക്ക് നം./ തിയ്യതി | വൗച്ചർ നം/ തിയ്യതി | സ്ഥാപനം | ഇൻവോയ്സ് നമ്പർ |
|---|---|---|---|---|---|
| 1 | 1040309 | 3053463/23.6.2018 | 21800461/23.6.18 | ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കാട് | 13/23-02-2018 |
| 2 | 528285 | 113229/19.11.18 | 21801410/19.11.18 | ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കാട് | 03/13-7-2018 |
| 3 | 182948 | 3087754/5.12.2018 | 21801528/5.12.18 | ഏഷ്യൻ മാർക്കറ്റിംഗ്, വാഴക്കാട് | 20/10-10-2018 |

സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം ചെയ്തതിന്റെയും വിവരംആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം .21/19.10.2020 നൽകിയതിന് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയത് ചെലവ് തുക ഓഡിറ്റിൽ തടസ്സം ചെയ്യുന്നു

## 1-30 PMAY ഭവന പദ്ധതി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

2018-19 PMAY ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപറയുന്ന 4പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്.

നിർവ്വഹണം-സെക്രട്ടറി

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഫണ്ട് |
|---|---|---|---|
| 1 | ലൈഫ് മിഷൻ/പി.എം.എ.വൈ ഭവന നിർമ്മാണം തുക വകയിരുത്തൽ | 19000000 | വികസന ഫണ്ട് |

| | | | |
|---|---|---|---|
| | ജനറൽ<br><br>(പ്രൊജക്ട് നം.6/19) | | (ജനറൽ) |
| 2 | ലൈഫ് മിഷൻ/പി.എം.എ.വൈ ഭവന നിർമ്മാണം തുക വകയിരുത്തൽ<br><br>പട്ടികജാതി<br><br>(പ്രൊജക്ട് നം.7/19) | 5003500 | വികസന ഫണ്ട്<br><br>(എസ്.സി.പി) |
| 3 | പി.എം.എ.വൈ വിഹിതം നൽകൽ<br><br>(എസ്സ്.സി)<br><br>സപിൽ ഓവർ<br><br>(പ്രൊജക്ട് നം.328/19) | 702066 | വികസന ഫണ്ട്<br><br>(എസ്.സി.പി) |
| 4 | പി.എം.എ.വൈ വിഹിതം നൽകൽ<br><br>(പ്രൊജക്ട് നം.329/19) | 6911259 | വികസന ഫണ്ട്<br><br>(ജനറൽ) |

. മേൽ നാല് പദ്ധതികൾക്കുമായി ആകെ 1229 പേരാണ്.എഗ്രിമെന്റ് വെച്ച് പണിആരംഭിച്ചിട്ടുള്ളത്. ആയതിൽ 852 പേരാണ് ഓഡിറ്റ് തീയതി വരെ പണിപൂർത്തീകരിച്ചിട്ടുള്ളത്. 377 പേർ ഇനിയും ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നുണ്ട്.ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-31 താൽകാലികാടിസ്ഥാനത്തിൽ ജീവനക്കാരെ അനധികൃതമായി നിയമിച്ചു

2018-19 വർഷത്തിൽ നഗരസഭയിൽ താഴെപറയുന്ന ജീവനക്കാർ ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുണ്ട്. (ഫയൽ ജി1-5311/07)

| ക്രമ നം | പേര് | തസ്തിക | റിമാർക്സ് |
|---|---|---|---|
| 1 | സുമേഷ്.സി | LDC | |
| 2 | സരസ്വതി.പി | LDC | |
| 3 | ഷിജുലേഷ് | LDC | |
| 4 | അബ്ദുള്ള.പി | Night Watchman | |
| 5 | മഷൂദ്.ടി.കെ | O/A | 2018 ആഗസ്റ്റ് വരെ |
| 6 | ബൈജുമണി | Driver(Chairman's Vehicle) | |
| 7 | വൃന്ദ.എം.ആർ | Overseer | |
| 8 | രഹിത.വി | Overseer | |
| 9 | ജയേഷ് | Overseer | |
| 10 | ശ്രീ വിദ്യ | Overseer | |
| 11 | കെ.വി.അക്ബർ | Driver(BUDS School) | |
| 12 | ഹാരിസ് | Overseer | |
| 13 | ഷാഫി | Data EntryOperator | |

.

ജില്ലാ എംപ്ളോയ്മെന്റ് ഓഫീസർ 25/07/2018 ന് നഗരസഭയിൽ നടത്തിയ പരിശോധനയിൽ മേൽ ജീവനക്കാരെ അനധികൃതമായി നിയമിച്ചതായി കാണുകയും പിരിച്ച് വിടാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.(കത്ത് നം.DEE-

MPM/2747/2018-E1. മേൽ ജീവനക്കാരിൽ പലരും വർഷങ്ങളായി നഗരസഭയിൽ ജോലിചെയ്ത് വരുന്നതായി ഫയലിൽ നിന്നും വ്യക്തമാണ്.ഇത്തരത്തിൽ ജീവനക്കാരെ നിയമിക്കാൻ കാരണമായ അനുമതി ഉത്തരവ്,എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമിക്കാത്തതിന് വിശദീകരണം എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.43/22.10.2020 ന് നഗരസഭയിലെ ജോലിഭാരം മൂലവും തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നത് മൂലവും കൗൺസിൽ തീരുമാന പ്രകാരമാണ് നിയമനങ്ങൾ നടത്തിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.മറുപടി തൃപ്തികരമല്ല താത്കാലിക നിയമനങ്ങൾ സർക്കാർ അനുമതിയോടെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടത്തേണ്ടതാണ്.

### 1-32 ഇന്റർലോക്ക് കട്ട വിരിക്കൽ - 9917രൂപ അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആവിക്കുളം റോഡ് ഡ്രൈൻ കം ഫൂട്ട്പാത്ത് നിർമ്മാണം വാർഡ് 35 ( 221 /19) എന്ന പ്രവൃത്തിയുടെ ഇനം 11ആയി ഇന്റർലോക്ക് കട്ട വിരിച്ചതിന് ആകെ 79.27$m^2$ ചെയ്തതായി കണക്കാക്കി കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി യഥാർത്ഥത്തിൽ 67.505m3 മാത്രമാണ് ചെയ്തിട്ടുള്ളത്.

3.50*1.05=3.675 എന്നത് തെറ്റായി 15.44 എന്ന് എഴുതി അളവ് കണക്ക് കൂട്ടിയത് കാരണമാണ് അധിക തുക നൽകാനിടയായത്. (ഈ അളവിന്റെ താഴെയുള്ള അളവ് 14.70*1.05=15.44 ആണ്) അധികമായി 11.765$m^2$ പ്രവൃത്തിക്ക് നൽകിയ തുക ഈടാക്കേണ്ടതാണ്.
അധികം നൽകിയ 9917രൂപ തെറ്റായ അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യത ആയി ചുമത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-4 ആയി ഉൾപെടുത്തിയിട്ടുണ്ട്.

### 1-33 ക്വാറി മക്ക് ഫില്ലിങ്, സിമന്റ് കോൺക്രീറ്റ് -6694 രൂപ അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ നടപ്പാത കോൺക്രീറ്റ് & കാന നിർമ്മാണം വാർഡ് 32 ( 211 /19) എന്ന പ്രവൃത്തിയുടെ ഇനം 2 ആയി ക്വാറി മക്ക് ഫില്ലിങ് ചെയ്തതിനും, ഇനം 3 ആയി സിമന്റ് കോൺക്രീറ്റ് ചെയ്തതിനും 115.41m3 ന് ആണ് കരാറുകാരന് തുക നല്കിയിട്ടുള്ളത്. എന്നാൽ ഇവ യഥാർത്ഥത്തിൽ 114.41m3 മാത്രമാണ് ചെയ്തിട്ടുള്ളത്. അളവുകൾ കൂട്ടിയതിലെ തെറ്റ് കാരണമാണ് കരാറുകാരന് അധിക തുക നൽകാനിടയായത് . ഈ ഇനത്തിൽ അധികം നൽകിയ തുക 6694 രൂപ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 9/14.10.2020 ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധിക തുക അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, മേൽ പരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-7 ആയി ഉൾപെടുത്തിയിട്ടുണ്ട്.

### 1-34 എം.എൽ.എ.റോഡ് റീ സർഫേസിംഗ് എന്ന പ്രവൃത്തിക്ക് 52522 രൂപ അധികം നൽകി

1.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ MLA റോഡ് റീ സർഫേസിങ് ( 427 /19) എന്ന പ്രവൃത്തിയുടെ ഇനം 8ആയി റോഡ് റീ ടാറിങ് പ്രവൃത്തി ചെയ്തതിന് ശേഷം റോഡ് സൈഡിൽ എർതേൺ ഷോൾഡർ നിർമ്മിച്ചതിന് 191.63$m^3$ മണ്ണ് ഉപയോഗിച്ചതിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ 9ാം ഇനമായി ഇതേ ചെയിനേജിൽ റോഡ് വീതി കൂട്ടുന്നതിനായി 385.7$m^3$ മണ്ണ് കിളച്ചെടുത്തത് പ്രവൃത്തിക്ക് ഉപയോഗിച്ചിട്ടില്ല. (ഈ പ്രവൃത്തിയാണ് ആദ്യം നിർവ്വഹിച്ചിട്ടുള്ളത്. അളവ് പുസ്തകം പേജ് 6). പ്രവൃത്തി സ്ഥലത്ത് ലഭ്യമായ മണ്ണ് ഫില്ലിങ്ങിന് ഉപയോഗിക്കാതിരുന്നതിന്റെ കാരണം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ 48306 രൂപ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്.
2. ഈ പ്രവൃത്തിയുടെ ഇനം 9 ആയി മണ്ണ് കിളച്ചെടുത്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് 3.5.1പ്രകാരമുള്ള നിരക്കാണ് നൽകിയിട്ടുള്ളത്. എന്നാൽ ഈ പ്രവൃത്തിക്ക് DSR 2.8.1 പ്രകാരമുള്ള നിരക്ക് നൽകിയാൽ മതിയാവുന്നതാണ്. റോഡ് ടാറിങ്, റീ ടാറിങ് പ്രവൃത്തികൾക്ക് മാത്രം മോർഡ് സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്ക് ഉപയോഗിച്ചാൽ മതിയാവും. റോഡ് നിർമ്മാണത്തോടനുബന്ധിച്ചുള്ള അനുബന്ധ പ്രവൃത്തികൾക്ക് DSRൽ ഉൾപെട്ടതും താരതമ്യേന നിരക്ക് കുറവുള്ളതുമായ ഇനങ്ങൾ ഉൾപെടുത്തുന്നതാണ് എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലും കണ്ട് വരുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്തപക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ഖണ്ഡിക 3(8)ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-35 എർത്ത് ഫില്ലിങ് 5278 രൂപ അധികം നൽകി

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൂക്കൈതക്കടവ് നടപ്പാലവും റോഡ് നിർമ്മാണവും ( 397 /19) എന്ന പ്രവൃത്തിയുടെ ഇനം 1 റോഡ് നിർമ്മിക്കുന്നതിന് മണ്ണ് ഫില്ലിങ് ചെയ്തതിന് 436.37/m3 (ഒബ്സർവ്ഡ് ഡാറ്റ 60.2.1)നിരക്കിലാണ് തുക നൽകിയിട്ടുള്ളത്. ഡാറ്റ 60.2.1 പ്രകാരമുള്ള നിരക്ക് ട്രഞ്ച്, പ്ലിന്ത് തുടങ്ങിയ ഭാഗങ്ങൾ ഫില്ല് ചെയ്യുന്നതിനുള്ള നിരക്കാണ്. എന്നാൽ ഇവിടെ റോഡ് നിർമ്മാണത്തിനുള്ള പ്രതലം ഒരുക്കുന്നതിനായിട്ടാണ് മണ്ണ് നിറച്ചിട്ടുള്ളത്. അത്തരം പ്രവൃത്തികൾക്ക് 273.64/m3 (Data 50.2.26.1) എന്ന നിരക്കാണ് അനുവദനീയമായിട്ടുള്ളത്. അധികം നൽകിയ തുക 4620 രൂപ ഈടാക്കേണ്ടതാണ്. അധികം നൽകിയ 4620 രൂപ തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് മേൽ പരിശോധന നടത്തി സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-7 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-36 കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചില്ല -5792 രൂപയുടെ അധിക ചെലവ്

1.കക്കോള്ളി ഡ്രയിനേജ് മേനക്കത്ത് നടപ്പാത, അച്ചാരത്ത് നടപ്പാത കോൺക്രീറ്റ് ( 400 /19) എന്ന പ്രവൃത്തിയുടെ ഇനം 9 ആയി 49.33m3 മണ്ണ് ഫില്ലിങ്ങിന് കരാറുകാരന് തുക നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തിയുടെ ഇനം 1 ആയി 37.11m3മണ്ണ് കിളച്ചെടുത്തിട്ടുണ്ട്. ഈ മണ്ണ് ഫില്ലിങ്ങിന് ഉപയോഗിച്ചിട്ടില്ല. കിളച്ചെടുത്ത മണ്ണ് ഉപയോഗപ്പെടുത്താതിരുന്നതിന്റെ കാരണം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. കിളച്ചെടുത്ത മണ്ണ് ഫില്ലിങ്ങിന് ഉപയോഗിക്കേണ്ടതും ആയത് കുറവ് ചെയ്ത് മാത്രം കരാറുകാരന് തുക നൽകേണ്ടതുമായിരുന്നു. ഈ ഇനത്തിൽ അധികം നൽകിയ 5792 രൂപ ഈടാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയോ അല്ലാത്ത പക്ഷം അധികം നൽകിയ തുക ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി 26/ 19-10-20 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അധിക തുക പ്രവൃത്തിയുടെ അളവെടുത്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ ബാധ്യതയായി ചുമത്തുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-9ൽ ചേർത്തിട്ടുണ്ട്.

### 1-37 കുടുംബശ്രീ ബാലസഭ പദ്ധതി നടത്തിപ്പിലെ -അപാകതകൾ.-50000/-രൂപ നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | കുടുബശ്രീ ബാലസഭ പദ്ധതി |
| പ്രൊജക്റ്റ് നം. | S0049/19 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. ജ്യോതി സാഗർ.പി.വി.,<br>Project Officer,<br>Urban Poverty Alleviation Cell,<br>Ponnani |
| ചെലവഴിച്ച തുക | 50000/-(വികസന ഫണ്ട്) |
| ട്രഷറി ബിൽ നം. | 63/2018-19 dated 21.03.2019 |

പൊന്നാനി നഗര സഭയുടെ കീഴിലുള്ള വാർഡുകളിലെ ബാലസഭകളിലെ അംഗങ്ങളായ കുട്ടികൾക്ക് ഒരുദിവസത്തെ വിനോദ യാത്ര പരിപാടി നടപ്പിലാക്കുന്നതിനായി മൊത്തം വാർഡ് സഭയിൽ നിന്നും മിടുക്കരായ രണ്ട് കുട്ടികളെ തെരഞ്ഞെടുത്താണ് ടൂർ പ്രോഗ്രാം നടത്തുന്നതെന്ന് ഫയലിൽ ഉള്ള ഓഫീസ് നോട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിനോദയാത്രയ്ക്ക് തെരഞ്ഞെടുത്ത രീതിയും, ഏതെല്ലാം ബാലസഭകളിൽ നിന്നും എത്ര കുട്ടികൾ പങ്കെടുത്തു എന്നും ഫയലിൽ നിന്നും ലഭ്യമല്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതി (ജി.ഒ. എം.എസ്. 22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018)പുതുക്കിയ മാർഗ്ഗരേഖയിലും സബ്സിഡി മാർഗ്ഗരേഖയിലും വിനോദ യാത്രയ്ക്ക് പണം ചെലവഴിയ്ക്കാൻ വ്യവസ്ഥയില്ല. വിനോദ യാത്രയ്ക്ക് തുക ചെലവഴിയ്ക്കാൻ ഉത്തരവ് ഉണ്ടെങ്കിൽ ആയത് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4 തിയ്യതി 13.10.20 ന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ 50000/-രൂപ നിരാകരിക്കുന്നു

ഭാഗം 3 ഖണ്ഡിക 3(12) കാണുക

1-38 പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം-മുൻ ധനസഹായം നല്കിയതിന്റെ രേഖകളില്ല.878000/-രൂപ (534000+344000) തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റ് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പൊന്നാനി നഗസഭയിലെ ലൈഫ് മിഷൻ പദ്ധതി പ്രകാരം വീട് നിർമ്മാണം പൂർത്തീകരിക്കാത്തവരുടെ വീട് പണി പൂർത്തീകരണത്തിനായുള്ള പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ധന സഹായം നല്കിയയിനത്തിൽ പ്രൊജക്റ്റ് നം. 357 പ്രകാരം 534000/- രൂപയും, പ്രൊജക്റ്റ് പ്രകാരം 447 പ്രകാരം 344000/-രൂപയും (വികസന ഫണ്ട്-ജനറൽ) നല്കിയിട്ടുണ്ട്. ആയതിന്റെ വിശദ വിവരം താഴെ നല്കുന്നു.

| | | | |
|---|---|---|---|
| പ്രൊജക്റ്റ് നം. | 357 | പ്രൊജക്റ്റ് നം. | 447 |
| പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ-പണി പൂർത്തീകരിക്കാത്തവരുടെ വീടുകൾക്ക് ധനസഹായം | പ്രോജക്റ്റിന്റെ പേര് | ലൈഫ് മിഷൻ-പണി പൂർത്തീകരിക്കാത്തവരുടെ വീടുകൾക്ക് ധനസഹായം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ: പ്രൊജക്ട് ഓഫീസർ തുക : 534000(വികസന ഫണ്ട്-ജനറൽ) | 330000/-<br>bill No.4/18-19/22.05.18<br>110000/-<br>bill No.4/18-10/30.06.18<br>20000/-<br>bill No.7/18-19/29.05.18<br>74000/-<br>bill No.4/18-13/28.07.18 | തുക : 344000/-<br>(വികസന ഫണ്ട്-ജനറൽ) | 104000/-<br>bill No.20/18-19/13.08.18<br>240000/-<br>bill No.67/18-19/25.03.19 |

മേൽ പ്രൊജക്റ്റ് പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താകളുടെ വിവരം താഴെ നല്കുന്നു.

| | പ്രൊജക്റ്റ് നം. 357 | | പ്രൊജക്റ്റ് നം. 447 | |
|---|---|---|---|---|
| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക | ഗുണഭോക്താവിന്റെ പേര് | തുക |
| 01 | ഷീബ ബാബുകൃഷ്ണൻ | 100000 | ബിന്ദു | 104000 |
| 02 | കുഞ്ഞാമിനകുട്ടി | 65000 | ഷീബാ ബാബുകൃഷ്ണൻ | 60000 |
| 03 | വത്സല | 30000 | ശ്യാമള.സി.എൻ | 40000 |
| 04 | സുജാത | 35000 | വത്സല | 10000 |
| 05 | മോഹൻദാസ് | 100000 | സുജാത | 40000 |
| 06 | സൗമിനി | 10000+<br>20000 | സൗമിനി | 10000 |

| | | | | |
|---|---|---|---|---|
| 07 | ജാനകി | 50000+<br><br>74000 | നീലി | 40000 |
| 08 | തങ്ക | 50000 | ഗൗരി | 40000 |
| | ആകെ | 534000 | ആകെ | 344000 |

പ്രൊജക്റ്റ് ഓഫീസർ കൈപ്പറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ മേൽ ഗുണഭോക്താക്കൾ ഇതിനു മുമ്പ് വീട്ടു നിർമ്മാണത്തിന് ഏതെല്ലാം പ്രൊജക്ട് പ്രകാരം എത്ര രൂപ കൈപ്പറ്റിയെന്ന് വ്യക്തമല്ല. കൈപ്പറ്റ് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

പൊന്നാനി നഗര സഭ സെക്രട്ടറിയുടെ എച്ച്2/9714/17 തിയ്യതി 10.01.2019 നമ്പർ കത്ത് പ്രകാരം 290000/-രൂപ ശ്രീ. മോഹൻ ദാസിന് (പ്രൊജക്റ്റ് നം. 357 ക്രമ .5) വീട് നിർമ്മാണം പൂർത്തീകരിക്കാൻ ധനസഹായം നല്കിയെങ്കിലും നാളിതുവരെയും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് പറയുന്നുണ്ട്. വീട് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതിയും വീട് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.5 തിയ്യതി 13.10.20ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വ്യക്തമായ വിവരങ്ങൾ അടങ്ങിയ വിശദീകരണം ലഭ്യമാകുംവരെ 878000/-രൂപ (534000+344000) തടസ്സപ്പെടുത്തുന്നു.

## 1-39 ഓലപ്പുര നവീകരണം.-അപാകതകൾ-931500/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രൊജക്റ്റിന്റെ പേര് | ഓലപ്പുര നവീകരണം |
| പ്രൊജക്റ്റ് നം. | 295 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ. ജ്യോതി സാഗർ.പി.വി.,<br><br>Project Officer,<br><br>Urban Poverty Alleviation Cell,<br><br>Ponnani |
| ചെലവഴിച്ച തുക | 931500/-(വികസന ഫണ്ട്) |
| ട്രഷറി ബിൽ നം.തിയ്യതി | 166500/-(26/18-19/26.11.18)<br>27000/-(27/18-19/26.11.18)<br>183000/-(28/18-19/28.11.18)<br>15000/-(29/18-19/12.12.18)<br>70500/-(30/18-19/12.12.18)<br>127500/-(31/18-19/12.12.18)<br>15000/-(33/18-19/12.12.18)<br>45000/-(34/18-19/28.12.18)<br>36000/-(37/18-19/23.01.19)<br>25500/-( 40/18-19/29.01.19)<br>15000/-(42/18-19/27.02.19)<br>34500/-(51/18-19/27.02.19)<br>18000/-(55/18-19/01.03.19)<br>16500/-(56/18-19/13.03.19)<br>30000/-(60/18-19/15.03.19)<br>36000/-(61/18-19/15.03.19)<br>66000/-(66/18-19/25.03.19)<br>4500/-(71/18-19/25.03.19) |

മേൽ പ്രോജക്റ്റ് പ്രകാരം 621ഗുണഭോക്താകൾക്ക് 1500/-രൂപ വീതം ആകെ 931500/-രൂപ ഓലപ്പുര നവീകരണത്തിനായി ധനസഹായം നല്കിയിട്ടുണ്ട്. ജി.ഒ(എം.എസ്) 22/18 ത.സ്വ.ഭ.വ. തിയ്യതി 14.02.18 സബ്സിഡി മാർഗ്ഗ രേഖ 7.8 ദാരിദ്ര്യ ലഘൂകരണം (7.8.1. തീരദേശം) പ്രകാരം തീരദേശത്ത് വീടുകൾ ഓലമേയാൻ 1500/-രൂപ ധനസഹായം നല്കാവുന്നതാണ്. എന്നാൽ പ്രോജക്റ്റ് പ്രകാരം തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ തീരദേശവാസികളാണോ എന്ന് വ്യക്തമല്ല. തീരദേശവാസികളാണ് എന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 6 തിയ്യതി 13.10.20ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ചെലവ് ചെയ്ത തുക 931500/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-40 വിവിധ ഭവന നിർമ്മാണ പദ്ധതികൾ-വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ചെലവ് തുക 13990000/-രൂപ തടസ്സപ്പെടുത്തുന്നു.

മുൻവർഷങ്ങളിൽ ധനസഹായം കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തീയാക്കാത്തവർക്ക് ആയത് പൂർത്തീയാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.
നിർവ്വഹണ ഉദ്യോഗസ്ഥൻ : പ്രൊജക്റ്റ് ഓഫീസർ

| പ്രൊജക്റ്റിന്റെ പേര് | പ്രൊജക്റ്റ് നം. | ചെലവഴിച്ച തുക | ട്രഷറി ബിൽ നം. തിയ്യതി | രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| ഭവന നിർമ്മാണം<br>വികസന ഫണ്ട്(ജനറൽ) | 47/19 | 5156000 | 2464000/-(3-2018-19/22.05.18)<br>990000/-(6-2018-19/29.05.18)<br>484000/-(8-2018-19/12.06.18)<br>268000(11-2018-19/30.06.18)<br>290000(14-2018-19/30.07.18)<br>260000(19-2018-19/13.08.18)<br>252000(21-2018-19/14.11.18)<br>148000(24-2018-19/14.11.18) | 191 |
| ഭവന നിർമ്മാണം<br>വികസന ഫണ്ട്(ജനറൽ) | 48/19 | 7855000 | 3506000 (1-2018-19/16.05.18)<br>680000 (2-2018-19/22.05.18)<br>710000 (5-2018-19/29.05.18)<br>420000(9-2018-19/12.06.18)<br>40000 (12-2018-19/28.07.18)<br>58000 (15-2018-19/30.07.18)<br>470000 (17-2018-19/30.07.18)<br>114000 (22-2018-19/14.11.18)<br>1540000 (52-2018-19/28.02.19)<br>138000 (57-2018-19/15.03.19)<br>120000 (58-2018-19/15.03.19)<br>59000 (62-2018-19/15.03.19) | 203 |
| E.M.S.ഭവന പദ്ധതി<br>വികസന ഫണ്ട്(ജനറൽ) | 200 | 979000 | 344000 (16-2018-19/30.07.18)<br>263000 (18-2018-19/06.08.18)<br>104000 (23-2018-19/14.11.18)<br>199000 (25-2018-19/14.11.18)<br>4000 (32-2018-19/12.12..18)<br>65000 (38-2018-19/28.01.19) | 244 |

എന്നാൽ ഗുണഭോക്താക്കൾക്ക് മുൻവർഷങ്ങളിൽ ധനസഹായം ലഭിച്ച ഭവന പദ്ധതികളെ കുറിച്ചോ, നല്കിയ ധനസഹായത്തെ സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഫയലിൽ നിന്നോ രജിസ്റ്ററിൽ നിന്നോ ലഭ്യമല്ല. മാത്രവുമല്ല മുൻവർഷങ്ങളിൽ ധനസഹായം ലഭിച്ച മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് ധനസഹായം നല്കിയിട്ടുമില്ല. പ്രൊജക്റ്റ് ഓഫീസർ കാഷ് ബുക്ക് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ പ്രൊജക്റ്റ് പ്രകാരം ധന സഹായത്തിന് തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് മുൻ വർഷങ്ങളിൽ നല്കിയ ധനസഹായം സംബന്ധിച്ച് വിവരം താഴെ കൊടുത്ത പട്ടിക പ്രകാരം ലഭ്യമാക്കേണ്ടതാണ് എന്ന്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | മുൻവർഷങ്ങളിൽ ധനസഹായം നല്കിയ പ്രൊജക്റ്റ് | മുൻ വർഷ പ്രോജക്റ്റ് പ്രകാരം ഗുണഭോക്താവിന് അനുവദനീയമായ പരമാവധി ധനസഹായം | മുൻ വർഷ പ്രൊജക്റ്റ് പ്രകാരം നല്കിയ ആകെ ധനസഹായം | 2018-19 പ്രൊജക്റ്റ് പ്രകാരം കണക്കാക്കിയ/നല്കിയ ധനസഹായം | |
|---|---|---|---|---|---|
| | | | | കണക്കാക്കിയത് | നല്കിയത് |
| | | | | | |

പ്രൊജക്റ്റുകളെ സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം. 44 തിയ്യതി 23.10.2020) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കുന്നതുവരെ 13990000-രൂപ (5156000+7855000+979000) തടസ്സപ്പെടുത്തുന്നു.

1-41 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2018-19 വർഷത്തിൽ നഗരസഭയിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 257 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 140 പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 54ശതമാനവും ഓഡിറ്റ് വർഷം നടപ്പാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 257 | ആകെ അടങ്കൽ | 196651048 |
| നടപ്പിലാക്കിയത് | 140 | ചെലവ് | 75894488 |
| ശതമാനം | 54.47 | ചെലവ് ശതമാനം | 38.60 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 81 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 14 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാൻ നഗരസഭക്കായിട്ടില്ല. സംസ്ഥാന സർക്കാരിൽ നിന്നും നഗരസഭക്ക് ലഭിക്കുമായിരുന്ന ഗ്രാന്റ് തുക നഷ്ടപ്പെടുന്നതിനും പദ്ധതി നിർവ്വഹണത്തിലെ ഈ അനാസ്ഥ കാരണമായി.

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന പൊതുമരാമത്ത് സ്റ്റാന്റിങ് കമ്മിറ്റി ഫലപ്രദമായി പ്രവൃത്തിക്കാതിരുന്നത് വഴിയാണ് മേൽ പരാമർശിച്ച പ്രകാരം പദ്ധതി നിർവ്വഹണത്തിൽ നഗരസഭ പിന്നോക്കം പോകാൻ ഇടയായത്.

റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ നഗരസഭയുടെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും നഗരസഭ തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1. മരാമത്ത് പ്രവൃത്തി ഫയലുകൾക്ക് വൗച്ചർ നമ്പർ നൽകിയിട്ടില്ല. പ്രവൃത്തി ഫയലുകളിൽ ബിൽ നമ്പർ /ചെക്ക് നമ്പർ എന്നിവയും രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തി ഫയലുകൾ കാഷ് ബുക്ക് ബിൽ ബുക്ക് എന്നിവയുമായി ഒത്ത് നോക്കാൻ കഴിയുന്നില്ല.

2. പ്രവൃത്തി ഫയലുകളിൽ മിക്കതിലും കരാറുകാർക്ക് സൈറ്റ് ഹാൻഡ് ഓവർ ചെയ്തതിന്റെ രേഖകൾ, ബിൽ കോപ്പി,സെലക്ഷൻ നോട്ടീസ് എന്നിവ ഉള്ളടക്കം ചെയ്തിട്ടില്ല.

3. കാഷ് ബുക്കിൽ മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. കാഷ് ബുക്കിലെ രേഖപ്പെടുത്തലുകൾ മുനിസിപ്പൽ എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ടി. ആർ 7Aകാഷ് ബുക്ക് അല്ല ഉപയോഗിച്ച് വരുന്നത്.

5. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, EMD രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

6. ടെണ്ടർ രജിസ്റ്റർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ കോളങ്ങളും പൂരിപ്പിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 19.1.2017 ലെ ഇ7/11350/15/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിർദ്ദേശിച്ച പ്രകാരമുള്ള എല്ലാ രജിസ്റ്ററുകളും സൂക്ഷിക്കേണ്ടതും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്ററുകൾ

കാലികമാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിർമ്മാണ തൊഴിലാളി ക്ഷേമ നിധി കളക്ഷൻ ചാർജ് ഈടാക്കിയില്ല.

1996 ലെ The Building and other construction workers' welfare cess Act പ്രകാരം നിർമ്മാണ പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് (The Building and other construction workers' welfare cess Act,1996 Section 3-3).

ഓഡിറ്റ് വർഷത്തിൽ നഗരസഭ നിർവ്വഹണം നടത്തിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കിയ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്ന് കളക്ഷൻ ചാർജ് ഈടാക്കാതെ ( 7589രൂപ )മുഴുവൻ തുകയും ബന്ധപ്പെട്ട ബോർഡിൽ അടവാക്കിയിരിക്കുകയാണ്. ഭാവിയിൽ കളക്ഷൻ ചാർജ് കുറവ് ചെയ്ത് മാത്രം ക്ഷേമ നിധി വിഹിതം അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-42 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്- അർഹമായതിലും അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്

പ്രൊജക്ട് 43/19
നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ
അടങ്കൽ 69,50,000 രൂപ വികസന ഫണ്ട് ജനറൽ
ആകെ ചെലവ് - 69,49,700 രൂപ (ട്രഷറി ബിൽ നമ്പർ - 1/8.6.18- 12,30,700 രൂപ

ബിൽ നമ്പർ 6/5.1.19- 495,000 രൂപ,ബിൽ നമ്പർ - 10/16.2.19- 19,80,000 രൂപ,ബിൽ നമ്പർ - 11/16.2.19- 19,80,000 രൂപ,ബിൽനമ്പർ 12/28.2.19- 12,64,000 രൂപ)

സ.ഉ (കൈ)നം.22/2018/ത.സ്വ.ഭ.വ , തിയ്യതി 14.02.2018 പ്രകാരം പുറപ്പെടുവിച്ച പതിമൂന്നാം പഞ്ചവൽസര പദ്ധതികളുടെ സബ്സിഡി-ധനസഹായം-അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.6 (എ), (ബി) എന്നിവ പ്രകാരം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അനുവദിക്കാവുന്ന സ്കോളർഷിപ്പ്,ബത്ത എന്നിവ അനുവദിനീയമായ നിരക്കിൽ അധികരിച്ച് നൽകിയതിനാൽ 35300 രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ഭാഗം 3 ൽ ഖണ്ഡിക 3-11 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

### 1-43 പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പ്രൊജക്ടുകളിലെ പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 6 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 14 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്.141.89 ലക്ഷം അടങ്കലിൽ 129.17 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ടുകളിലെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പൊതുവായ അപാകതകൾ താഴെ പരാമർശിക്കുന്നു.

1.പ്രൊജക്ട് 363 /19 പഠനമുറി -2018-19(അടങ്കൽ 11,00,000 രൂപ വികസന ഫണ്ട് എസ്.സി.പി

ചെലവ് - 5,50,000 രൂപ), പ്രൊജക്ട് നമ്പർ 70 /19 പഠനമുറി -2018-19(അടങ്കൽ 30,00,000 രൂപ വികസന ഫണ്ട് എസ്.സി.പി,ചെലവ് - 25,50,000 രൂപ) എന്നീ പ്രൊജക്ടുകളിൽ പഠനമുറി നിർമ്മിച്ചതിന് 1 ലക്ഷം രൂപ വീതം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.സ.ഉ (കൈ)നം.22/2018/ത.സ്വ.ഭ.വ തിരുവനന്തപുരം തിയ്യതി 14.02.2018 സബ്സിഡി-ധനസഹായം -അനുബന്ധവിയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ ഖണ്ഡിക 7.2.17 പ്രകാരം പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിശ്ചിത മാനദണ്ഡപ്രകാരം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപവരെ നൽകാവുന്നതാണ്.പഠനമുറി നിർമ്മിക്കുന്നതിന് വിദ്യാർത്ഥികൾക്ക് 1ലക്ഷം രൂപ വീതം നൽകുന്നതിനാണ് നഗരസഭ പ്രൊജക്ട് തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ ഉണ്ട്.

എ. അസിസ്റ്റന്റ് എഞ്ചിനീയറുടെ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലല്ല ധനസഹായം നൽകിയത്.

ബി. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/22.10.20 ന് എൽ.എസ്.ജി.ഡി ഓവർസിയർ നൽകിയ പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം നൽകിയതെന്നും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഹാജരാക്കുന്നതാണെന്നും മറുപടി നൽകി. എന്നാൽ എൽ.എസ്.ജി.ഡി. ഓവർസീയറുടെ പൂർത്തീകരണ റിപ്പോർട്ടോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

2. പ്രൊജക്ട് 64/19 പി.ജി, ഡിഗ്രി,ഡിപ്ലോമ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്(അടങ്കൽ 4,80,000 രൂപ വികസന ഫണ്ട് എസ്.സി.പി,ചെലവ് - 4,54,880 രൂപ, ട്രഷറി ബിൽ 39/12.12.18)
ഈ പ്രൊജക്ടിൽ 16 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

എ).സബ്സിഡി മാർഗ്ഗരേഖ ജി ഒ (എം എസ്)നം. 22/2018/ത.സ്വ.ഭ.വ തി.14.02.2018 ഖണ്ഡിക 7.2.8 പ്രകാരം പട്ടികജാതി വകുപ്പ് മുഖേന സമാന ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജറാക്കുന്നവർക്കാണ് ആനുകൂല്യം അനുവദിക്കേണ്ടത്. പ്രസ്തുത സാക്ഷ്യപത്രം ഇല്ലാതെയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്.പട്ടികജാതി വകുപ്പ് മുഖേന ഈ ആനുകൂല്യം നൽകുന്നതിനാൽ ഒരു വിദ്യാർത്ഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യം നൽകാവൂ എന്ന വ്യവസ്ഥ ലംഘിക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്താൻ ഇത് ആവശ്യമാണ്.

ബി). ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 37/22.10.20 ന് പട്ടികജാതി വികസന വകുപ്പ് മുഖേന ലാപ്ടോപ്പ് നൽകുന്നത് പ്രൊഫഷനൽ കോഴ്സിന് പഠിക്കുന്നവർക്ക് മാത്രമാണ് എന്നും അതിനാലാണ് പ്രത്യേകമായി സാക്ഷ്യപത്രം ലഭ്യമാക്കാതിരുന്നത് എന്നുമാണ്.

3. പ്രൊജക്ട് 359/19 പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ(അടങ്കൽ 2,50,000 രൂപ വികസന ഫണ്ട് എസ്.സി.പി,ചെലവ് - 2,41,150 രൂപ,ട്രഷറി ബിൽ നമ്പർ -1/22.5.18 )
പത്താം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് സൈക്കിൾ എന്ന പ്രൊജക്ടിൽ 50വിദ്യാർത്ഥികൾക്ക്(27 ആൺകുട്ടികൾ,23 പെൺകുട്ടികൾ) സഫാരി സൈക്കിൾസ് മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും സൈക്കിളുകൾ വാങ്ങി നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

എ).സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണമെന്ന് സബ്സിഡിയും അനുബന്ധ മാർഗ്ഗ രേഖയും സംബന്ധിച്ച ഉത്തരവ് നിഷ്കർഷിക്കുന്നു. അപ്രകാരം വിതരണം ചെയ്തതായി രേഖകൾ ഇല്ല.

ബി). ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം നൽകിട്ടില്ല എന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. ഇക്കാര്യങ്ങൾ ഉറപ്പു വരുത്തിയ വിവരം ലഭ്യമല്ല

സി). ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഇല്ല.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38/22.10.20 ന് സ്കൂൾ അധികൃതർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയത് എന്നും മറ്റ് അപാകതകൾ പരിഹരിക്കുന്നതുമാണ് എന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.പട്ടികജാതി വികസന വകുപ്പിൽ നിന്നും സമാനമായ ആനുകൂല്യങ്ങൾ നൽകുന്ന സംഗതിയിൽ നഗരസഭയുടെ ബന്ധപ്പെട്ട പ്രൊജക്ടുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ പട്ടികജാതി വികസന ഓഫീസർ തന്നെ ആയതിനാൽ ആനുകൂല്യം നൽകുന്നതിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ല എന്ന് ഉറപ്പ് വരുത്തി അക്കാര്യം ബന്ധപ്പെട്ട അപേക്ഷകളിൽ രേഖപ്പെടുത്തേണ്ടതാണ്.

2.വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകുന്ന പ്രൊജക്ടുകളിൽ ആനുകൂല്യം സ്കൂൾ അധികതർ മുഖേന വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

3.ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ ലഭ്യമാക്കി പ്രൊജക്ട് ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

അപാകതകൾ ആവർത്തിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-44 ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുൾ- പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 13 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമായതിൽ 11പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 204.78ലക്ഷം അടങ്കലിൽ 193.90 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

പ്രൊജക്ടുകളിലെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പൊതുവായ അപാകതകൾ താഴെ പരാമർശിക്കുന്നു.

1.കേന്ദ്ര ഫണ്ടിൽ നിന്നും പ്രൊജക്ട് നിർവ്വഹണത്തിനായി ലഭിച്ച തുകകളുടെ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2.ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

നഗരസഭയിൽ നിന്നും ലഭിക്കുന്ന എല്ലാ തരം ഫണ്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും മുഴുവൻ പ്രൊജക്ടുകളിലും ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതും ഇക്കാര്യം തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതുമാണ്.

## 1-45 പ്രിൻസിപ്പാൾ നിർവ്വഹണ ഉദ്യാഗസ്ഥനായി നടപ്പാക്കിയ പ്രൊജക്ടുൾ- പൊതു അപാകതകൾ

2018-19 സാമ്പത്തിക വർഷം തൃക്കാവ് ഗവ.ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ, നിർവ്വഹണ ഉദ്യോഗസ്ഥനായി 4 സ്പിൽ ഓവർ പ്രൊജക്ടുകൾ ഉൾപ്പെടെ 13 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭ്യമായതിൽ 9 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. 72.95 ലക്ഷം അടങ്കലിൽ 36.33 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

പ്രൊജക്ടുകളിലെ നിർവ്വഹണവുമായി ബന്ധപ്പെട്ടുള്ള പൊതുവായ അപാകതകൾ താഴെ പരാമർശിക്കുന്നു.

1.തനത് ഫണ്ടിൽ നിന്നും പ്രൊജക്ട് നിർവ്വഹണത്തിനായി ലഭിക്കുന്ന തുകകളുടെ വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2.ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ഇല്ല.

നഗരസഭയിൽ നിന്നും ലഭിക്കുന്ന എല്ലാ തരം ഫണ്ടുകളും നിർവ്വഹണ ഉദ്യോഗസ്ഥന്റെ കാഷ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും മുഴുവൻ പ്രൊജക്ടുകളിലും ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റിയുടെ റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതും ഇക്കാര്യം തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതുമാണ്.

## 1-46 വർക്കിംങ് ഗ്രൂപ്പ് പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല

നഗരസഭയിലെ സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെയും അവയുടെ പരിധിയിൽ വരുന്ന വർക്കിങ്ങ് ഗ്രൂപ്പുകളുടെയും മിനുട്സ് പരിശോധിച്ചത് പ്രകാരമുള്ള വിവരം താഴെ ചേർക്കുന്നു.

1.പദ്ധതി രൂപീകരണത്തിന് ശേഷം വർക്കിങ്ങ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ പ്രൊജക്റ്റ്ഫയലുകളിൽ മോണിറ്ററിങ്ങ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. വിവിധ വർക്കിങ്ങ് ഗ്രൂപ്പുകളുടെ മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ മോണിറ്ററിങ്ങ് സംബന്ധിച്ച് ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല എന്ന് വ്യക്തമാകുന്നു.

2. വർക്കിങ്ങ് ഗ്രൂപ്പുകൾ 2018-19സാമ്പത്തിക വർഷം രണ്ട് തവണ മാത്രമെ യോഗങ്ങൾ ചേർന്നിട്ടുള്ളൂ.

3. വർക്കിങ്ങ് ഗ്രൂപ്പ് യോഗ തീരുമാനങ്ങൾ അപൂർണമായി രേഖപ്പെടുത്തുന്നു.

4. ഭൂരിഭാഗം വർക്കിങ്ങ് ഗ്രൂപ്പ് മിനുട്സുകളിലും തീരുമാനങ്ങൾ എഴുതി ചേർത്ത ശേഷം സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല.

വികസനലക്ഷ്യങ്ങൾ സാധ്യമാക്കുന്ന രീതിയിലുള്ള പ്രവർത്തനം ഉത്തരവാദിത്തത്തോടെ ഓരോ മേഖലയിലെയും വർക്കിങ്ങ് ഗ്രൂപ്പുകൾ നടത്തിയിട്ടുണ്ടെന്ന് പറയാനാവില്ല.വർക്കിങ്ങ് ഗ്രൂപ്പുകൾ തങ്ങളിൽ നിക്ഷിപ്തമായ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് കൂടുതൽ ഫലപ്രദമായി പ്രവർത്തനം ഉണ്ടാവേണ്ടതും പ്രൊജക്ടുകളുടെ ആസൂത്രണ നിർവ്വഹണ ഘട്ടങ്ങളിൽ നഗരസഭയുടെ വിഭവവിനിയോഗം കാര്യക്ഷമമായും ഫലപ്രദമായും നിർവ്വഹിക്കപ്പെടുന്നു എന്ന്

ഉറപ്പുവരുത്തേണ്ടതുമുണ്ട്. ബന്ധപ്പെട്ട സ്റ്റാന്റിങ്ങ് കമ്മിറ്റികളുടെ പ്രത്യക ശ്രദ്ധ ഇക്കാര്യത്തിൽ അനിവാര്യമാണ്. അപാകത ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-47 പദ്ധതികൾ യഥാസമയം നടപ്പിലാക്കിയില്ല - നഗരസഭക്ക് 4.07 കോടി രൂപ നഷ്ഷപ്പെട്ടു

നഗരസഭക്ക് പ്ലാൻഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ ലഭിച്ച 24.13 കോടി രൂപയിൽ 4.07കോടി രൂപ, സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ ലാപ്സാവുകയുണ്ടായി. നഗരസഭയുടെ വികസനത്തിനും, പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗക്കുറവും കാരണം നഷ്ടപ്പെടാനിടയായത്.

ഓഡിറ്റ് കാലയളവിൽ നഗരസഭക്ക് സർക്കാർ ധനസഹായമായി ബഡ്ജറ്റിൽ നിർദ്ദേശിച്ച പ്രകാരം ആകെ 24,13,88,000 രൂപ വരവുണ്ടായിരുന്നു. എന്നാൽ ഇതിൽ 20,06,23153 കോടി രൂപയുടെ പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയത്.

ഓഡിറ്റ് വർഷത്തെ പ്രൊജക്ടുകൾ 2018 മാർച്ച് മാസത്തിൽ തന്നെ തയ്യാറാക്കി അംഗീകാരം വാങ്ങിക്കുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവ്വഹണം ആരംഭിച്ചതുമാണ്. എന്നിട്ടും പദ്ധതികൾ പലതും പൂർത്തീകരിക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി നിർവ്വഹണത്തിൽ സ്റ്റാന്റിങ് കമ്മിറ്റികളും വർക്കിങ് ഗ്രൂപ്പുകളുമൊന്നും മേൽ നോട്ടം വഹിക്കുകയോ, ഫലപ്രദമായി ഇടപെടുകയോ ചെയ്യുന്നില്ല എന്നും ഇതിൽ നിന്ന് വ്യക്തമാണ്. വാർഡ് സഭകളിൽ നിന്ന് ഉയർന്ന് വരുന്നതാണ് ഓരോ പദ്ധതികളും എന്നതിനാൽ രൂപീകരിച്ച പദ്ധതികൾ നടപ്പിലാക്കാതിരിക്കുന്നത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം ലംഘിക്കുന്നതിന് തുല്യമാണ്. ഇത് ജനങ്ങളെ വാർഡ് സഭകളിൽ നിന്നും, നഗരസഭയുടെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിനും ഇടയാക്കുന്നു. (2018-19) ൽ ഇത്തരത്തിൽ 4 കോടിയിലധികം രൂപ ലാപ്സായിട്ടുണ്ട് എന്നത് നഗരസഭ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുന്നില്ല എന്നതിന് തെളിവാണ്.

ജനങ്ങളുടെ സഹകരണത്തോടെ വാർഡ് സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണ സമിതിയും ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതും വരും വർഷങ്ങളിൽ ഇത്തരത്തിൽ പണം ലാപ്സാവുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 93025605 | 90398328 | 2627277 |
| വികസനഫണ്ട് എസ്.സി.പി. | 22065000 | 22045300 | 19700 |
| സംരക്ഷണഗ്രാന്റ് റോഡ് | 13527000 | 9979938 | 3547062 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 18773000 | 14626348 | 4146652 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 93997000 | 63573239 | 30423761 |
| ആകെ | 241387605 | 200623153 | 40764452 |

നഗരസഭയിലെ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ പദ്ധതികൾ | നടപ്പിലാക്കിയ പദ്ധതികൾ | ആകെ അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|
| ICDS സൂപ്പർവൈസർ | 13 | 11 | 20478000 | 19390524 | 94.7 |
| സെക്രട്ടറി | 60 | 43 | 67795253 | 50714012 | 74.80 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 10 | 7 | 4235680 | 3729015 | 88.04 |
| പട്ടികജാതി വികസന ഓഫീസർ | 14 | 14 | 14189587 | 12917145 | 91.3 |
| വെറ്ററിനറി സർജൻ | 9 | 9 | 2962645 | 2683018 | 90.56 |
| പ്രിൻസിപ്പാൾ ഗവ:ഹയർ സെക്കന്ററി സ്കൂൾ | 13 | 9 | 7295000 | 3633220 | 49.8 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 2 | 2 | 4888960 | 4363960 | 89.26 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 257 | 140 | 196651048 | 75894488 | 38.60 |
| മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 1 | 300000 | 300000 | 100 |
| പ്രൊജക്ട് ഓഫീസർ - ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 8 | 8 | 21431075 | 21099500 | 98.45 |
| കൃഷി ഓഫീസർ | 10 | 9 | 10042368 | 6641072 | 66.13 |
| ആകെ | 397 | 253 | 350269616 | 201365954 | 57.49 |

**1-48 മരാമത്ത് പ്രവൃത്തി - നിശ്ചിത ദിവസത്തിനകം കരാർ ഒപ്പ് വെക്കാത്തതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല.**

2012ലെ കേരള പൊതുമരാമത്ത് മാന്വൽ ഖണ്ഡിക 2009-6പ്രകാരം ഒരു മരാമത്ത് പ്രവൃത്തിയുടെ ടെണ്ടർ സ്വീകരിച്ചാൽ പ്രസ്തുത കരാറുകാരന് പ്രവൃത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ച് രജിസ്റ്റേഡ് പോസ്റ്റ്/കൊറിയർ/ഇ-മെയിൽ മുഖേന സെലക്ഷൻ നോട്ടീസ് നൽകേണ്ടതാണ്.രജിസ്റ്റർ ചെയ്ത തീയ്യതി നോട്ടീസ് കൈപറ്റിയ തീയ്യതിയായി കണക്കാക്കുമെന്നും, സെലക്ഷൻ നോട്ടീസ് ലഭിച്ച് 14ദിവസത്തിനകം ഇത് സംബന്ധിച്ച കരാർ ഒപ്പ് വെക്കണമെന്നും 14ദിവസം കഴിഞ്ഞ് 10ദിവസം വരെ കരാർ തുകയുടെ ഒരു ശതമാനം പിഴ ഒടുക്കി കരാർ വെക്കാവുന്നതാണെന്നും ഖണ്ഡികയിൽ വ്യക്തമാക്കുന്നുണ്ട്. ഇക്കാര്യം സെലക്ഷൻ നോട്ടീസിൽ ഉൾപെടുത്തിയിട്ടുമുണ്ട്. എന്നാൽ മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ കാണിച്ച പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ നിശ്ചിത സമയ പരിധിക്കകം കരാർ ഒപ്പ് വെച്ചിട്ടില്ല. പ്രസ്തുത കരാറുകാരിൽ നിന്ന് ഒരു ശതമാനം പിഴ ഈാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | സെലക്ഷൻ നോട്ടീസ് തീയ്യതി | കരാർ ഒപ്പ് വെച്ച തീയ്യതി | ഈടാക്കേണ്ട പിഴ |
|---|---|---|---|
| മുക്രി വീട്ടിൽ മുത്തുള്ളി പറമ്പ് നടപ്പാത, ഈഴവതിരുത്തി PHC കരിയന്തറ നടപ്പാത കോൺക്രീറ്റ് വാർഡ് 20 ( 346 /19)<br><br>കരാർ 103/17-18 Dt. 24.2.2018 തുക 977772<br><br>ഭരണാനുമതി 1/30.5.2017 | 31.12.2017 | 24.2.2018 | 9772 |

| | | | |
|---|---|---|---|
| സാങ്കേതികാനുമതി 68063/5.8.2017<br><br>കരാറുകാരൻ ശ്രീ. റിജിൻ.എ<br><br>ബിൽ 2/23.5.2018 /തുക 977772 ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br><br>അളവ് പുസ്തകം 63/17-18 DSR 2016 Cost index 40.2% | | | |
| ബ്രദേഴ്സ് മില്ല് റോഡ് റീ സർഫേസിങ് വാർഡ് 43 ( 409 /19)<br><br>കരാർ 98/17-18 Dt. 16.2.2018 തുക 842224<br><br>ഭരണാനുമതി 1/30.5.2017<br><br>സാങ്കേതികാനുമതി 69916/3.8.2017<br><br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ.സി<br><br>ബിൽ 24/21.6.2018 /തുക 842224<br><br>മെയിന്റനൻസ് ഗ്രാന്റ് (റോഡ്)<br><br>അളവ് പുസ്തകം 45/17-18 DSR 2016 Cost index 40.2% | 12.12.2017 | 16.2.2018 | 8422 |
| ഹാജ്യർപറമ്പ് പുത്തൻകുളം റോഡ് ഇൻർലോക്ക് (340 /19)<br><br>കരാർ 99/17-18 Dt. 16.2.2018 തുക 564205<br><br>ഭരണാനുമതി 2017/70049 /1.8.2017 തുക 600000<br><br>സാങ്കേതികാനുമതി 51271/2017-18 Dt. 4.8.2017<br><br>കരാറുകാരൻ ശ്രീ. മുജീബ് റഹ്മാൻ<br><br>ബിൽ 15/23.5.2018 തുക 537251<br><br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് അളവ് പുസ്തകം 81/17-18<br><br>DSR 2016 Cost index 40.2% | 31.12.2017 | 16.2.2018 | 5642 |

ആകെ 23836

ഓഡിറ്റ് എൻക്വയറി 40/22.10.2020 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-49 ആശ്രയ പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നഗരസഭ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ആശ്രയ പദ്ധതി നിർവ്വഹണം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചുവടെ കാണിച്ച അപാകതകൾ കാണുകയുണ്ടായി. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുകയും ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്യേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ആശ്രയ പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിൽ നിന്ന് ചെക്ക് നമ്പർ 922463/ 29.3.2019പ്രകാരം 71716 രൂപ പിൻവലിച്ച് സപ്ലൈകോ എടപ്പാൾ (ത്രിവേണി മെഗാ മാർട്ട്) ഷോറൂമിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. ആയതിൽ 61348 രൂപക്ക് സപ്ലൈകോയിൽ നിന്ന് ലഭ്യമാക്കിയ കംപ്യൂട്ടർ പ്രിന്റഡ് ബില്ല് ഉണ്ട്. എന്നാൽ 10368 രൂപയുടെ ബില്ല് പഴയ മാതൃകയിലുള്ള അച്ചടി ബിൽ ആണ്. അതിൽ ബിൽ നമ്പർ, തീയ്യതി, സ്ഥലം എന്നിവ അച്ചടിച്ചിട്ടില്ല. 71716 രൂപയുടെ കൈപറ്റ്, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവയും ഹാജരാക്കിയിട്ടില്ല.

2. ചെക്ക് നമ്പർ 922461/ 5.2.2019 പ്രകാരം 117000 രൂപ പിൻവലിച്ചിട്ടുണ്ട്. ആയതിൽ 80090 ക്ക് സപ്ലൈകോ ഷോറൂമിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ട്. ബില്ല് പഴയ മാതൃകയിലുള്ള അച്ചടി ബിൽ ആണ്. അതിൽ ബിൽ നമ്പർ, തീയ്യതി, സ്ഥലം എന്നിവ അച്ചടിച്ചിട്ടില്ല. 80090രൂപയുടെ കൈപറ്റ്, ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ എന്നിവയും ഹാജരാക്കിയിട്ടില്ല.

3.ചെക്ക് നമ്പർ 922462/11.2.2019 പ്രകാരം 15300 രൂപ മരുന്ന് വാങ്ങിക്കാനായി പിൻവലിച്ചിട്ടുണ്ട്. എന്നാൽ 6075 രൂപയുടെ മരുന്ന് വാങ്ങിയ ബില്ല് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയത്. അവശേഷിക്കുന്ന 9225 രൂപയുടെ ചെലവ് വിവരം ഹാജരാക്കിയിട്ടില്ല.

4. ആശ്രയ പദ്ധതിക്കായുള്ള പഞ്ചാബ് നാഷണൽ ബാങ്കിന്റെ ചന്തപ്പടി, പൊന്നാനി ശാഖയിലെ 4340000100106544 നമ്പർ അക്കൗണ്ടിൽ 8.6.2020 ന് 1131720 രൂപ അവശേഷിക്കുന്നുണ്ട്. പദ്ധതി പണം ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ നടപടിയല്ല. പ്രൊജക്റ്റിന്റെ കാലാവധി കഴിഞ്ഞെങ്കിൽ തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരിച്ചടവാക്കേണ്ടതാണ്.

5. ആശ്രയ പദ്ധതി പ്രൊജക്റ്റ്, അംഗീകൃത ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 161031രൂപ ( 7176+80090+9225) തടസ്സം ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി 24 / 19.10.2020 മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-50 മരുന്നുകൾ ലഭ്യമായിട്ടില്ല

താലൂക്ക് ഹോസ്പിറ്റൽ, ഡയാലിസിസ് സെന്റർ എന്നിവയിലേയ്ക്കും മെഡിക്കൽ ഓഫീസർ (താലൂക്ക് ഹോസ്പിറ്റൽ)നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രമേഹമെത്തും മുമ്പേ, പരിരക്ഷ എന്നീ പദ്ധതികൾക്കുമായി കെ.എം.എസ്.സി.എല്ലിൽ നിന്ന് മരുന്ന് വാങ്ങുന്നതിന് അവരുടെ പ്രൊഫോർമ ഇൻവോയ്സുകൾ പ്രകാരം പണം മുൻകൂർ ഒടുക്കിയിട്ടുണ്ട്. വിവരം താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് | പ്രൊഫോർമ ഇൻവോയ്സ് നം. | ബിൽ / ചെക്ക് നം. | തുക |
|---|---|---|---|
| S0082/19 താലൂക്ക് ഹോസ്പിറ്റലിലേയ്ക്ക് മരുന്ന് വാങ്ങൽ | PRF 2039/01.11.18 | 16/18-19 / 15.11.18 (MG-NR) | 3,70,267 |
| | PRF 4460/11.02.19 | 30/18-18 / 19.02.19 (MG-NR) | 30,187 |
| | PRF 4701/23.02.19 | 34/18-19 / 08.03.19 (MG-NR) | 99,546 |
| S0082/19 ഡയാലിസിസ് സെന്ററിലേയ്ക്ക് മരുന്നും സർജിക്കൽസും വാങ്ങൽ | PRF 1991/30.10.18 | 17/15.11.18 (വികസന ഫണ്ട്) | 4,45,391 |
| | PRF 3970/19.01.19 | 25/18-19 / 22.01.19 (വികസന ഫണ്ട്) | 54,609 |
| S0021/19 പ്രമേഹമെത്തും മുമ്പേ | PRF4214/31.01.19 | 29/18-19 / 14.02.2019 | 2,00,000 |

| | | | |
|---|---|---|---|
| | | (വികസന ഫണ്ട്) | |
| SO081/19 പരിരക്ഷ (പ്രൈമറി) | PRF 1483/03.10.18 | 11/18-19 / 11.10.18 (വികസന ഫണ്ട്) | 2,50,740 |
| | PRF4822/26.02.19 | 32/18-19 / 08.03.19 (വികസന ഫണ്ട്) | 1,06,572 |
| 740SO022/19 പരിരക്ഷ (സെക്കന്ററി) | PRF1990/30.10.18 | 18/18-19 / 23.11.18 (വികസന ഫണ്ട്) | 40,550 |
| ആകെ | | | 15,97,862 |

മരുന്ന് ലഭ്യമായ വിവരം ഫയലിൽ ഇല്ല. മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതിന് നൽകിയ ഓഡിറ്റ് എൻക്വയറി (41/22.10.2019)ക്ക് മറുപടി ലഭ്യമാക്കിയില്ല.മരുന്ന് ലഭ്യമാക്കുന്നത് വരെ 15,97,862 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-51 നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റ് നിർദ്ദിഷ്ട രൂപത്തിൽ ലഭ്യമാക്കുന്നില്ല.

